
Vol. II.) August 1931. (No. 8.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

സംഗതിവിവരങ്ങൾ

ക.	വി. അൽഫോൻസ് ലിഗോരി	൨൨൭.
൨	മരണാനന്തര സന്ദേശം	൨൨൯.
ന.	ഒരുജ്ജ്വതകരമായ മാനസാന്തരം	൨൩൯.
൪.	പ്രായോഗികസ്നേഹം	൨൩൨.
൫.	കുടുംബജീവിതക്രമം	൨൪൫
ന്യ.	പ. കന്യകയുടെ സ്വർഗ്ഗപ്രാപ്തി	൨൪൭.
൭.	പൊതുനിയോഗം	൨൫൦
൱.	സന്നിപാതജ്വരം	൨൫൨.
൯.	കുറിപ്പുകൾ	൨൫൫.
ക൦.	പരസ്യങ്ങൾ	
കക.	പഞ്ചാംഗം	

വിൽപ്പാനുണ്ട്

ഒരു അമേരിക്കൻ നിറവിങ്ങ് മെഷിൻ (പിന്നൽയന്ത്രം) അതിന്റെ സകല സാമഗ്രിക്കളും ഉപയോഗക്രമങ്ങളുമടങ്ങിയ പുസ്തകവുമുൾപ്പടെ വില്പാൻ നിശ്ചയിച്ചിരിക്കുന്നു. കൂടുതൽ വിവരം അറിയേണ്ടവർ സ്ഥലത്തുവന്നു കാണുകയോ സ്റ്റാമ്പുസഹിതം മറുപടിയ്ക്കു അപേക്ഷിക്കയോ ചെയ്യേണ്ടതാണ്.

എം. സി.,

c/o 'കുടുംബദീപം',

തേവര, എറണാകുളം.

H. E. MGR. BONAVENTURE ARANA, D. D,.

BISHOP OF VIJAYAPURAM.



വിജയപുരം മെത്രാനായ നി. വ. ദി. ശ്രീ

ഡോക്ടർ ബൊനവൻതുരാ സി. ഡി.

തിരുമനസ്സുകൊണ്ട്.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨. | ആഗസ്റ്റ് ൧൯൨൨. | ലക്കം ൮.

വി. അൽഫോൻസ് ലിഗോരി.

തിരുനാൾ ആഗസ്റ്റ് ൨.

അഭിഭാഷകൻ, സഭാസ്ഥാപകൻ, മെത്രാൻ, വേദപാരഗൻ എന്നിങ്ങനെ ഓരോ വിധത്തിൽ പലക്കും സുപരിചിതനായിത്തീർന്നിട്ടുള്ള ഒരു ലോകമഹാദീപമാണ വി. ലിഗോരി. തിരുസ്സഭ ഇദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ഈ മാസത്തിൽ ഈ വന്ദ്യന്റെ ഒരു ജീവചരിത്ര സംഗ്രഹമെങ്കിലും നാം അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്. അൽഫോൻസ് ഇറാലിയിൽ നേപ്പ്ൾസിനു സമീപം മറിയനെല്ല എന്ന സ്ഥലത്തു ഫ്രന്വൻന്ന സെപ്റ്റമ്പർ മാസം ൨൦-൦൯- ജനിച്ചു. ഇദ്ദേഹം തന്റെ മാതാപിതാക്കന്മാരുടെ ഏഴു സന്താനങ്ങളിൽ മൂത്തപുത്രനായിരുന്നു. ലിഗോരി വംശത്തെ നെയ്പ്പോളിത്തൻ പ്രഭുക്കളുടെ അഞ്ചു ഗണങ്ങളായി തിരിച്ചിട്ടുള്ളതിൽ പോത്ത നോവാ (Porta nova) എന്ന വിഭാഗത്തിൽ പെട്ടതായിരുന്നു അൽഫോൻസിന്റെ കുടുംബം. അദ്ദേഹത്തിന്റെ അച്ഛൻ ഡോൺ ജോസഫ് ഡി ലിഗോരി രാജകീയ

നാവികവകുപ്പിലെ ഒരു കപ്പിത്താനും, സ്പാനിഷ് വംശജയായിരുന്ന അദ്ദേഹത്തിന്റെ അമ്മ ഡോണ്ണ അന്ന, ബ്രിണ്ടസിയിലെ ഒരു കുലീനനായ ഫ്റ്റർഡിക്കു് കവലിയേരിയുടെ പുത്രിയുമായിരുന്നു. അൽഫോൻസു പ്രഥമപാഠങ്ങളെല്ലാം പിതാവിന്റെ മേൽനോട്ടത്തിൽ ഒരധ്യാപകന്റെ കീഴിൽ സ്വഭവനത്തിൽവെച്ചുതന്നെ വ്യുദ്ഗ്രഹിച്ചു. ബാല്യത്തിൽതന്നെ അദ്ദേഹം ഒരു നല്ല ദൈവഭക്തനും പഠനത്തിൽ അതിതല്പരനുമായിരുന്നു. സംഗീതത്തിലും സാഹിത്യത്തിലുമുള്ള അദ്ദേഹത്തിന്റെ വാസനാബലം അനന്യസാധാരണമായിരുന്നു. അദ്ദേഹം ഒരു മെത്രാനായിത്തീരുകയും വലിയ കാര്യങ്ങൾ തിരുസ്സഭയ്ക്കുവേണ്ടി പ്രവൃത്തിക്കയും തൊണ്ണൂറു വയസ്സുവരെ ജീവിക്കുകയും ചെയ്യുമെന്നു അനുഗ്രഹീതനായ ഫ്റാൻസീസ് ജെറോനിമൊ ഒരിക്കൽ പ്രവചിക്കയുണ്ടായി. എങ്കിലും അൽഫോൻസു പതിമൂന്നു വയസ്സായപ്പോൾ നിയമപഠനത്തിനാണു പുറപ്പെട്ടതു്. സർവ്വകലാശാലാനിയമപ്രകാരം ഇരുപതു വയസ്സാണു നിശ്ചയിച്ചിരുന്നതെങ്കിലും അദ്ദേഹം പതിനാറാമത്തെ വയസ്സിൽ സിവിൽനിയമത്തിലും കാനൻലായിലും ഡോക്ടർ ബിരുദ സമ്പാദിച്ചു. അദ്ദേഹം എട്ടുവർഷങ്ങളോളം (ക്രി.പി. 1776 – 1784) അഭിഭാഷകവൃത്തിയിലൂടെ വിജയകരമായ നിലയിൽ നിർവ്വഹിച്ചു. ശ്രാവിനാ പ്രഭുവും ടസ്കനിയിലെ വലിയ പ്രഭുവും തമ്മിലുണ്ടായ വ്യവഹാരത്തിൽ അസാധാരണമായ ഒരുക്കത്തോടുകൂടെ ആദ്യം പറഞ്ഞ പ്രഭുവിനുവേണ്ടി അദ്ദേഹം ശക്തിയായി വാദിച്ചെങ്കിലും തോൽവി പിണയുകയാണുണ്ടായതു്. തന്നിമിത്തം തിരുസ്സഭയ്ക്കുവേണ്ടി തന്റെ ജീവിതത്തെ വിനിയോഗിക്കണമെന്നു അദ്ദേഹം നിശ്ചയിച്ചു. ക്രിസ്തു ഒക്ടോബർമാസം 29-ാംനു- അദ്ദേഹം വൈദികവസ്ത്രം സ്വീകരിക്കയും "നെയ്പോളിത്തൻ വേദപ്രചാരസംഘ"മെന്ന പേരിനാൽ അറിയപ്പെടുന്ന വൈദികസഭയിൽ ക്രിസ്തു സെപ്റ്റംബർ മാസത്തിൽ ചേരുകയും ക്രിസ്തു ഡിസംബർമാസം 21-ാംനു- വൈദികപട്ടമേല്ക്കുകയുംചെയ്തു. അടുത്ത ആറു വർഷങ്ങളിൽ അദ്ദേഹം നേപ്പളി

ലും പരിസരങ്ങളിലും വേദപ്രചാരജോലി നോക്കുകയും പാവപ്പെട്ടവരോടും അധഃകൃതരോടും പ്രത്യേകസ്നേഹം പ്രത്യക്ഷപ്പെടുത്തുകയുംചെയ്തു. ഫ്രൈൻ-ൽ ലിഗോരി, നെപ്പൊംസിലെ "ചൈനീസ കോളേജി"ൽ വാസമുറപ്പിക്കയും അവിടെവച്ചു തന്റെ ജീവിതകാലത്തിലെ ഒരു വലിയ സ്നേഹിതനും ഒട്ടുവിൽ കുസ്തെല്ലാമാരെയുടെ മെത്രാനുമായിത്തീർന്ന റവ. തോമ്മസ ഫാൽക്കോയായുടെ സഖിത്വം സമ്പാദിച്ചു. ഫാൽക്കോയ, ലിഗോരിയുടെ ദൈവവിളിയെ അദ്ദേഹത്തിനു അറിയിച്ചുകൊടുത്തു. ഈശോമ്ശിഹായെ അനുകരിക്കുന്നതിനും ഏറ്റവും ഉപേക്ഷിക്കപ്പെട്ട ആത്മാക്കളുടെ രക്ഷക്കായി പ്രയത്നിക്കുന്നതിനുംവേണ്ടി ഒരു മിഷ്യനറി വൈദികരുടെ സഭയെ അദ്ദേഹം സ്ഥാപിക്കണമെന്നായിരുന്നു അത്. വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചതിന്റെശേഷം ഫ്രൈഡ നവമ്പർമാസം ൻ-ാംനു- ഇറവലിയിൽ സ്കാളാ എന്നാ സ്ഥലത്തു ദിവ്യരക്ഷകന്റെ സഭയുടെ അടിസ്ഥാനമിട്ടു.

അദ്ദേഹം ഒരു സഭാസ്ഥാപകൻ മാത്രമല്ല ഒരു മിഷ്യനറി മെത്രാൻകൂടിയായിരുന്നു. പലേമ്മായുടെ മെത്രാനാകണമെന്നുള്ള നിർദ്ദേശം അദ്ദേഹം ഉപേക്ഷിച്ചെങ്കിലും പതിമൂന്നാം ക്ലെമൻറു മാപ്പാപ്പാ ഫ്രൈഡ-ൽ സൻറ അഗതാ (Sant' Agata) രൂപതയെ സ്ഥീകരിക്കുന്നതിനു അദ്ദേഹത്തെ നിർബന്ധിച്ചു. മെത്രാനായതിന്റെശേഷം മുപ്പതിനായിരത്തോളം വരുന്ന ഒരു ജനസമൂഹത്തെ ക്രിസ്തീയജീവിതം പരിശീലിപ്പിക്കുന്നതിനാണ് അദ്ദേഹം ആദ്യമായി ഉത്സാഹിച്ചതു്. ഒരു വൈദികനായിരുന്നപ്പോൾതന്നെ അദ്ദേഹം കത്തിയും തോക്കുമായി നടന്ന ചട്ടമ്പിമാരുൾപ്പെട്ട ഒരു വലിയ പട്ടണമായ ഗ്രാഗനാനൊയെ മനസ്സുതിരിച്ചു. ഫ്രൈനു-ലെ വലിയ പഞ്ഞകാലത്തു നെപ്പൊംസു ഗവണ്മെന്റുടെ അടുക്കൽനിന്നും ഒട്ടധികം ധാന്യം വാങ്ങിക്കുകയും അപ്പത്തിന്റെ വില കുറച്ചു വിൽപ്പിക്കുന്നതിനു വളരെ ശ്രമിക്കുകയുംചെയ്തു. ക്ഷാമം മൂർദ്ധന്യത്തിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ വസ്തുവകകളെല്ലാം പണയമെഴുതുന്നതിന് മാപ്പാപ്പായുടെ അനുവാദത്തിനപേക്ഷിച്ചു. അദ്ദേഹത്തിന്റെ സ്വത്തുക്കളെ

ല്ലാം സാധുക്കൾക്കു ഭാഗിച്ചുകൊടുത്തു. അദ്ദേഹം തന്റെ പാത്രങ്ങളും കഴുതകളും വണ്ടികളും മോതിരത്തിൽ പതിച്ചിരുന്ന രത്നവുംകൂടെ വിറ്റു സാധുസംരക്ഷണംചെയ്തു. പതിമൂന്നാം ക്ലമന്റു മാപ്പാപ്പായും പതിനാലാം ക്ലമന്റു മാപ്പാപ്പായും അദ്ദേഹം ജോലി രാജിവെയ്ക്കുന്നതിനു വിസമ്മതിച്ചെങ്കിലും ആറാം പീയൂസ് പാപ്പാ അദ്ദേഹത്തിന്റെ രാജി സ്വീകരിയ്ക്കുകയുണ്ടായി. തൻ-ാമത്തെ വയസ്സിൽ അദ്ദേഹം നൊച്ചേരാ കൊവേന്തയിൽ പോയി താമസിച്ചു പുസ്തകങ്ങൾ എഴുതുന്നതിനും സഭയുടെ പുരോഗമനത്തിനായി പ്രയത്നിക്കുന്നതിനും തന്റെ സമയമെല്ലാം വിനിയോഗിച്ചു.

ആദ്യകാലത്തു മിഷ്യനറി ജോലിയിൽ ഏർപ്പെട്ടിരുന്നതു നിമിത്തം ലിഗോരിയ്ക്കു അമ്പതുവയസ്സായതിനു ശേഷമേ ഗ്രന്ഥനിർമ്മാണത്തിൽ കൈവെയ്ക്കാൻ സാധിച്ചുള്ളൂ. എങ്കിലും അദ്ദേഹം എഴുപതിൽപരം പുസ്തകങ്ങൾ എഴുതിത്തീർത്തിട്ടുണ്ട്. ഫ്രെഞ്ചിൽ പ്രസിദ്ധപ്പെടുത്തിയ ചില കവിതകൾക്കുപുറമെ ഫ്രെഞ്ചിൽ 'ദിവ്യകാരുണ്യസന്ദർശനം' എന്നൊരു പുസ്തകം അദ്ദേഹം അച്ചടിപ്പിച്ചു. ഫ്രൻസു ജൂൺമാസത്തിൽ ചിക്കാഗോയിൽ സമ്മേളിച്ച ദിവ്യകാരുണ്യ കൊൺഗ്രസ്സിന്റെ ഔദ്യോഗിക സ്മാരകമായി ലിഗോരിയുടെ ഈ കൃതിയെ ആ മഹാസഭ സ്വീകരിക്കയുണ്ടായി. ഫ്രെഞ്ചിലുണ്ടായ അദ്ദേഹത്തിന്റെ "സന്മാർഗ്ഗശാസ്ത്രം" വെളിക്കായതു്. ഇതിൽ അക്ഷേപാർഹമായി യാതൊന്നുമില്ലെന്നു മാത്രമല്ല ആത്മപാലകന്മാർക്കു അദ്ദേഹത്തിന്റെ അഭിപ്രായങ്ങളുടെ യുക്തിയെ പരിശോധിക്കാതെതന്നെ അവയെ അനുഗമിക്കാവുന്നതാണെന്നു തിരുസ്സഭ ഫ്രഞ്ചിലെ വർ-ാംനു- പ്രഖ്യാപനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓരോ കൃതികളുടേയും ഗുണപൌഷ്കല്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതിനു ഈ ചെറുലേഖനത്തിൽ സാധ്യമല്ല.

ലിഗോരി ഒരു നല്ല പ്രാസംഗികൻകൂടിയായിരുന്നു. അദ്ദേഹം തന്റെ വാഗ്വൈഭവപ്രകടനത്തിനായി ഒരിക്കലും ഒരു മെനക്കേടില്ലെങ്കിലും പ്രസംഗംചെയ്യുന്നതിനുമുമ്പു നല്ലപോലെ ഒ

രുക്കുക അദ്ദേഹത്തിന്റെ പതിവാണ്. ലിഗോരിയുടെ രീതി ലളിതകോമളവും ഉച്ചാരണം ഗൗരവപ്രത്യേതകവുമായിരുന്നു. ഇദ്ദേഹം ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിനു ഒരു പ്രത്യേക മാതൃകയെ തെരിഞ്ഞെടുത്തു. ഇന്നും ആ സഭയിലെ വൈദികർ അതനുസരിച്ചാണു ധ്യാനങ്ങൾ നടത്തിവരുന്നുള്ളതു്. തൊണ്ണൂറാമത്തെ വയസ്സിൽപോലും അദ്ദേഹത്തിന്റെ ഓജ്ജശക്തിയ്ക്കു യാതൊരു ന്യൂനതയും തട്ടിയിരുന്നില്ല. വേശ്യാസ്ത്രീയിലെ കുഴപ്പംപിടിച്ച ചോദ്യങ്ങൾക്കുപോലും ഇദ്ദേഹം ചെട്ടെന്നു മറുപടികൊടുക്കുന്നതു കണ്ടാൽ ആരും അതിശയിച്ചുപോകും. അദ്ദേഹത്തിന്റെ പുസ്തകങ്ങളും അദ്ദേഹം സ്ഥാപിച്ച സഭയും വഴിയായി അദ്ദേഹത്തിനു അക്കാലത്തിലെ രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും സാമാന്യജനങ്ങളുടേയും ഇടയിൽ വലിയ പ്രാബല്യവും ബഹുമാനവും സിദ്ധിച്ചു. ഇദ്ദേഹം ക്രിസ്തു ആഗസ്റ്റ് ക്രാംനു- നൊച്ചേര ഡിപഗാനി എന്ന സ്ഥലത്തുവെച്ചു കാലഗതിയെ പ്രാപിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്തു ഒരുനൂറിൽപരവും മരണാനന്തരം ഇരുപത്തിയെട്ടും അത്ഭുതങ്ങൾ അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ക്രിസ്തുവർഷം മേയ്മാസം ഏന്ത-ാംനു- ക്രന്ത-ാം ഗ്രിഗോരിയോസു് മാപ്പാപ്പാ അദ്ദേഹത്തിന്റെ നാമം വിശുദ്ധന്മാരുടെ പട്ടികയിൽ ചേർത്തു.

മരണാനന്തരസന്ദേശം.

(എഫ്. ജെ. ബി.)

മാത്യു ലെക്കോംത്തെ (Fr. Mathew Lecomte) എന്ന വന്ദ്യ വൈദികൻ ഓറഞ്ചുത്തുവെച്ചു ക്രിസ്തുവർഷം-ൽ നിര്യാതനായി. അദ്ദേഹത്തിന്റെ സാമർത്ഥ്യത്തിന്റെയും പരിശ്രമത്തിന്റെയും അവസാനഫലമായി വിശുദ്ധനഗരത്തിൽ ആദ്യ വേദസാക്ഷിയാ

യ വി. എസ്തപ്പാനോസു മിശിഹാരസുരാനുവേണ്ടി രക്തം ചിന്തിമരിച്ച പാവനമായ സ്ഥലത്തു സ്വന്ത സഭവകയായി ഒരു ആശ്രമം സ്ഥാപിതമായിട്ടുണ്ട്. വേദാഗമസംബന്ധമായി നടത്തുന്ന പഠനപരിഷ്കരണങ്ങൾക്കും നിമിത്തം പ്രസ്തുത ആശ്രമം ഇതിനകം ലോകവിശ്രുതമായിത്തീർന്നിരിക്കുന്നു.

ഈ വൈദികശിരോമണി തന്റെ ചില ഉദ്ദേശങ്ങൾക്കു നിവർത്തിമാർഗ്ഗമുണ്ടാക്കുവാനായി പ്രസ്തുത വർഷത്തിൽ ഫ്രാൻസിലേക്കു ഒരു യാത്രകഴിച്ചു. ഓറഞ്ചുത്തിൽ പിന്തിരിഞ്ഞിട്ടു അധികം താമസിയാതെ നടത്തിയ ഒരു ധ്യാനപ്രസംഗമദ്ധ്യേ അദ്ദേഹം രോഗാതുരനായി അവിടെയുള്ള പ്രഞ്ചുകാരുടെവക ആസ്പത്രിയിൽ പ്രവേശിപ്പാൻ നിർബന്ധിതനായിത്തീർന്നു. അവിടെനിന്നു മടങ്ങിപ്പോകാൻ അദ്ദേഹത്തിനു ഇടവന്നില്ല.

പ്രഞ്ചുകാരിയായ ഒരു കന്യകയാണു അവിടെ അദ്ദേഹത്തിനുവേണ്ട ശുശ്രൂഷകൾ നടത്തിയിരുന്നതു. അവൾ ഇപ്പഴും ജീവിച്ചിരിക്കുന്നതു നിമിത്തം അവളുടെ പേർ ഞങ്ങൾ ഇവിടെ പ്രസ്താവിക്കുന്നില്ല. അവളുടെ പരിചരണചാതുരിയെല്ലാം പ്രയോഗിച്ചിട്ടും ദിനം ഒന്നിനൊന്നു വഷളാകയേ ചെയ്തുള്ളൂ. മരണം ആസന്നമായി എന്നു കണ്ടപ്പോൾ ദൈവസിംഹാസനത്തിൻമുമ്പാകെ ബോധിപ്പിക്കേണ്ടുന്ന കണക്കുകളെ ഓർമ്മിച്ചു അദ്ദേഹം അസ്വാസ്ഥ്യനായിത്തീർന്നു. സാധ്വീമണിയായ കന്യക അദ്ദേഹത്തിന്റെ നിർമ്മലജീവിതവും, പ്രേഷിതവേലകളും, അനുസ്മരിച്ചു അദ്ദേഹത്തെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും ഒന്നുകൊണ്ടും ഫലമുണ്ടായില്ല. ഒടുവിൽ അദ്ദേഹം "എന്റെ മകളെ ദൈവത്തെ പ്രസാദിപ്പിക്കുവാനായി സുകൃതങ്ങൾ ചെയ്തതുകൊണ്ടു മാത്രമായില്ല, ഹാ, അവയെ എത്രയോ പരിശുദ്ധ നിയോഗത്തോടുകൂടി നിർവ്വഹിപ്പാനും ആവശ്യമാകുന്നു! ഹാ, ഞാൻ മരിക്കുമ്പോൾ എനിക്കുവേണ്ടി വളരെ അധികം പ്രാർത്ഥിക്കുക." എന്നു ഏറ്റവും താഴ്ന്ന സ്വരത്തിൽ മറുപടിപറഞ്ഞു.

അവൾ അപ്രകാരം ചെയ്യാമെന്നു വാക്കുകൊടുത്തു. എ

ങ്കിലും അദ്ദേഹം സമാധാനരഹിതനായിത്തന്നെ കാണപ്പെട്ടു. അതുകയാൽ സഹോദരി വീണ്ടും, 'നിശ്ചയമായും ഞാൻ വളരെ അധികം പ്രാർത്ഥിക്കാം: മാത്രമല്ല, ആവശ്യമായിരുന്നാൽ വന്നു എന്നോടു പറക, ഞാൻ കൂടുതലായും പ്രാർത്ഥിക്കാം' എന്നു ഉറപ്പുകൊടുത്തു.

"എന്റെ മകളെ," അദ്ദേഹം മൃദുസ്വരത്തിൽ തുടർന്നു പറഞ്ഞു: "നാം മറുലോകത്തിൽ നിന്നു അങ്ങിനെ മടങ്ങിവരാറില്ലല്ലൊ." അതിനു "ദൈവത്തോടു ചോദിക്കുക. എന്തായാലും അങ്ങു സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻവേണ്ടി എന്നാൽ പാടുള്ളതൊന്നും ഞാൻ ചെയ്യാതിരിക്കുന്നതല്ല." എന്നു അവൾ പറഞ്ഞു.

അധികം മണിക്കൂറുകൾ കഴിയുന്നതിനുമുമ്പു ലെക്കൊംതെ ഗ്രൂ മരിക്കയും വി. എസ്പ്രിപ്പാനോസിന്റെ ആശ്രമത്തിൽ നവമായി കണ്ടുപിടിച്ച ഒരു പുരാതന കല്ലറയിൽ ആഡംബരപൂർവ്വം അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിക്കപ്പെടുകയുംചെയ്തു.

കന്യക കുറെവാരത്തേക്കു പരേതനായ വൈദികനുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥനകൾ സമർപ്പിച്ചു. അനന്തരം ജോലിത്തിരക്കു നിമിത്തം അദ്ദേഹത്തിന്റെകാര്യം അവൾ വിസ്മരിച്ചുപോയി. ഒരു ദിവസം അവൾ സ്വന്തമുറിയിൽ ഉദ്യോഗപ്പെട്ടിരിക്കയിൽ പെട്ടെന്നു ഒരു വിലാപസ്വരം കേട്ടു. ഉടനെ ഗന്ധകവും പുകയുംകൂടിയ ഒരു ദുർഗ്ഗന്ധം അവൾക്കു ഗോചരീഭവിച്ചു; അതോടുകൂടി ഒരു ദയനീയസ്വരം "എന്റെ മകളെ, ഹാ, എനിക്കുവേണ്ടി പ്രാർത്ഥിക്കുക. ഞാൻ അത്യധികം പീഡിപ്പിക്കപ്പെടുന്നു." എന്നു പറയുന്നതും അവൾ കേട്ടു. ഈ സ്വരം മരിച്ച സന്ന്യാസിയുടെതെന്നു അവൾ നിഷ്പ്രയാസം മനസ്സിലാക്കി. കുറെ കഴിഞ്ഞപ്പോൾ ദുർഗ്ഗന്ധവും പുകയും അപ്രത്യക്ഷമാകയും ചെയ്തു.

ഒരു വർഷം കഴിഞ്ഞപ്പോൾ ഈ സംഭവം ഒന്നുകൂടി ആവർത്തിക്കപ്പെട്ടു. പക്ഷെ ആദ്യത്തെതിനെക്കാൾ ശാന്തമായിരുന്നു. അവളുടെ പ്രാർത്ഥനകളും, ദിവ്യകാരുണ്യസ്വീകരണങ്ങളും, ജ

പമാലകളും, തപഃക്രിയകളും മറ്റു സൽകൃത്യങ്ങളും തനിക്കു ആശ്വാസം നല്കിയിട്ടുണ്ടെന്നു പരേതൻ അറിയിച്ചു. അതിനെ തുടർന്നു അയാൾ ഇപ്രകാരം പറഞ്ഞു.

"എന്റെ മകളെ നിനക്കു വന്ദനം, നിന്റെ സ്നേഹം എന്നെ സഹായിച്ചു. നിന്റെ പ്രാർത്ഥനകൾ മഞ്ഞുപോലെ അഗ്നിജ്വാലകളിന്മേൽവീണു അവയുടെ ശക്തി കുറച്ചു. നീ പോയി ഞാൻ സ്ഥാപിച്ച ആശ്രമത്തിന്റെ ശ്രേഷ്ഠനോടു ഞാൻ പൂർണ്ണമായി വിമുക്തി പ്രാപിക്കുന്നതിനുവേണ്ടി ഒരു നവനാൾ കുർബ്ബാന സമർപ്പിക്കണമെന്നു അറിയിക്കണം."

അവൾ ഈ സന്ദേശം ഒട്ടും താമസം വരുത്താതെ ആശ്രമശ്രേഷ്ഠനെ അറിയിച്ചു. ഫാദർ പോൾ മൂനി (Fr. Paul Munier) ആ കന്യകയുടെ അസാധാരണ അനുഭവങ്ങളും പ്രസ്താവനകളും സാദരം ശ്രവിച്ചെങ്കിലും അതു സ്ത്രീകൾക്കു സഹജമായ ഒരു മായാമയക്കം എന്നു മാത്രമെ സങ്കല്പിച്ചുള്ളൂ. എങ്കിലും അവളെ ഉപചരിച്ചു പറഞ്ഞയച്ചശേഷം, മേൽവിവരിച്ച സംഭവങ്ങളെപ്പറ്റി അവൾ പ്രദർശിപ്പിച്ച ഗാഢവിശ്വാസത്തെ ഓർമ്മിച്ചു അദ്ദേഹം വിചിന്തനം ചെയ്യുതുടങ്ങി. അവളുടെ കാര്യജ്ഞാനം സുസമ്മതവും അസത്യം അവളിൽ അസംഭാവ്യവുമാണെന്നു അദ്ദേഹത്തിനും അജ്ഞാതമായിരുന്നില്ല. ഒടുവിൽ അദ്ദേഹം 'ഞാൻ ഒന്നുതു കുർബ്ബാനകൾ ചൊല്ലുകതന്നെ ചെയ്യും. ദർശനം മായാബോധമായിരുന്നാലും ഫാദർ ലെക്കൊംട്ടെ ഇതിന്റെ ഫലം അനുഭവിക്കാതിരിക്കയില്ല.' എന്നു തീർമ്മാനിച്ചു.

പിറ്റെ ദിവസംതന്നെ, വിവരം ആരെയും അറിയിക്കാതെ, അദ്ദേഹം നവനാൾ കുർബ്ബാന ആരംഭിച്ചു. ഒന്നുതു ദിവസങ്ങൾ ഇപ്രകാരം അവസാനിക്കയും സന്ന്യാസികൾ രാത്രിയിൽ നിദ്രക്കായി മുറികളിൽ പ്രവേശിക്കയും ചെയ്തു. വളരെ പരിശുദ്ധനും പരമാർത്ഥിയുമായിരുന്ന ഒരു തുണസഹോദരൻ വാതുക്കൽ ആരൊ ടു, ട്ടു, എന്നു കൊട്ടുന്നതുകേട്ടു 'കയറിവരിക' എന്നു ഉത്തരമരുളി. ഉടനെ സ്വർഗ്ഗീയമഹത്വവും പ്രതാപവുംകൊണ്ടു ഭ്രഷിതനായി മാന്യ ലെക്കൊംട്ടെ അച്ചൻ അകത്തു ക

ടന്നവരുന്നതു കണ്ടപ്പോൾ അയാൾക്കുണ്ടായ ആശ്ചര്യം എത്ര വലുതെന്നു ഊഹിക്കയല്ലാതെ വർണ്ണിപ്പാൻ നിവർത്തിയില്ല. അദ്ദേഹം അയാളുടെ പക്കൽ അടുത്തു, ജീവിതകാലത്തിലെപോലെ, പുഞ്ചിരിതൂകികൊണ്ടു ആശ്രമത്തിലെ വിശേഷങ്ങളെപറ്റി ചോദിക്കയുണ്ടായി.

"അച്ചാ, ഞങ്ങൾ എല്ലാവരും സസുഖം ജീവിക്കുന്നു. എന്നാൽ അങ്ങേ വേർപാടു അപരിഹാര്യമായിരിക്കുന്നു."

"ധൈര്യമായിരിക്കുക." എന്നു അദ്ദേഹം ഉത്തരിച്ചു. "ഞാൻ ഇപ്പോൾ സ്വർഗ്ഗത്തിലേക്കു പോകുന്നു. ഞാൻ നിങ്ങൾക്കു അവിടെവെച്ചു ഇവിടത്തെക്കാൾ കൂടുതൽ സഹായമായിരിക്കും."

ഈ വാക്കുകളോടുകൂടി അദ്ദേഹം അയാളുടെ കൈ മുറുകെ പിടിച്ചു സ്വസ്തിപറഞ്ഞശേഷം തിരിഞ്ഞുനടന്നു വാതിൽകടന്നു കതകു അടച്ചു. സഹോദരൻ ഉടനെ കതകു തുറന്നു നോക്കിയെങ്കിലും ആരെയും കണ്ടില്ല. തൽക്ഷണം അയാൾ വളരെ പരിഭ്രമത്തോടുകൂടി ശ്രേഷ്ഠന്റെ പക്കൽചെന്നു ഉണ്ടായ സംഭവങ്ങളെല്ലാം പ്രത്യക്ഷമായ ആത്മവികാരങ്ങളോടുകൂടി പറഞ്ഞറിയിച്ചു.

അദ്ദേഹം ആ ദർശനങ്ങളുടെ തീയതികളും, തമ്മിൽ കണ്ടിട്ടില്ലാത്ത ആ രണ്ടു സാക്ഷികളുടെ വാക്കുകളും പരിശോധിച്ചു നോക്കുകയും സംഗതികളുടെ വാസ്തവം ഗ്രഹിക്കയുംചെയ്തു.

പ്രസ്തുത ആശ്രമശ്രേഷ്ഠൻതന്നെ രേഖപ്പെടുത്തിയിട്ടുള്ള ഈ സംഭവങ്ങളെപ്പറ്റി ഫൻഡം-രാമാണ്ടു് ഞങ്ങൾ വിശ്വാസസ്ഥങ്ങവളിലേക്കു കഴിച്ച തീർത്ഥയാത്രയിൽ ഓറശ്ലത്തുവെച്ചു മേല്പറഞ്ഞ ആസ്പത്രിയിലെ കന്യകയോടും ദൊമ്മിനീക്കാസു സഭാംഗമായ ആശ്രമസഹോദരനോടും ചോദിക്കയും അവർ എല്ലാ സംഗതികളും സ്ഥിരപ്പെടുത്തുകയുംചെയ്തു. നമ്മിൽനിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന സഖികൾക്കുവേണ്ടി നവനാൾ കുർബാനകൾ അർപ്പിക്കുന്നതു എത്രയൊ ഫലപ്രദമാകുന്നു! – C. M.

ഒരു നവീന സാവോളിന്റെ

അത്ഭുതകരമായ മാനസാന്തരം.

(ഫാദർ എജീദിയോസ്. സി. ഡി.)

ആദിമപാപത്താൽ അധഃപതിച്ച ലോകത്തെ ഉന്നമിപ്പിക്കുന്നതിനായി അവതീർണ്ണനായ ലോകൈകനാഥന്റെ തിരു അവതാരത്തെ അനുസ്മരിപ്പിക്കുന്ന ആ സുദിനം അടുത്തുതന്നെ വന്നു. നിരവധി ജോലികളാൽ ആവൃതരായ മനുഷ്യർ ആ മഹത്തായ സുദിനത്തെ പാർത്തു അക്ഷമരായി കാണപ്പെട്ടുന്നു. അന്തരീക്ഷം ശാന്തമായിരിക്കുന്നു. നക്ഷത്രങ്ങൾ തേജോമയങ്ങളായി നഭോമണ്ഡലത്തിൽ പ്രകാശിക്കുന്നു. ശാന്തതയും സമാധാനവും സർവ്വത്ര കളിയാടുന്നു. എങ്കിലും ഉന്നതമായ ആല്പസ് പർവ്വതത്തിന്റെ പശ്ചിമഭാഗത്തായി തിങ്ങിനിന്നിരുന്ന കാട്ടുചെടികളുടെ ഇടയിൽ ഒരു മനുഷ്യൻ അങ്ങോട്ടുമിങ്ങോട്ടും നോക്കിക്കൊണ്ട് ആരേയൊ പ്രതീക്ഷിച്ചു് സമാധാനരഹിതനായി നിലകൊള്ളുന്നു. ഇടയ്ക്കിടെ കൈയിൽ ഉണ്ടായിരുന്ന ഇരട്ടക്കുഴൽ തോക്കിനെ എടുത്തു പരിശോധിക്കുകയും ഉടനെതന്നെ അതിനെ നിലത്തുവെച്ചിട്ടു ആശയററവനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ധൃതിയിൽ നടകൊള്ളുകയുംചെയ്യുന്നു. ഈ ക്രൂരനുട്ടത്തു ഇപ്രകാരം നായാട്ടിനെന്നപോലെ തോക്കുമെടുത്തു് നില്ക്കുന്ന ആൾ ആരാണ്? അയാളുടെ ഉദ്ദേശം എന്തായിരിക്കാം.

കത്തോലിക്കർ തിങ്ങിപാർക്കുന്ന ഒരു രാജ്യമാണ് സ്വിസ്സ്റ്റർലാണ്ട്. അവിടെയുള്ള ഒരു മാന്യ കുടുംബത്തിലെ അംഗവും അൽഫോൻസ് എന്ന നാമധാരിയും ആണ് നമ്മുടെ ഈ രാത്രിഞ്ചരൻ. അയാൾ ബാല്യത്തിൽ ബഹുഭക്തനായിരുന്നു. യൗവനത്തിലേക്ക് പ്രവേശിച്ചതോടെ അയാളുടെ ഭാവം അകപ്പാ

ടെ മാറി. മാതാപിതാക്കളുടെ ആജ്ഞയിൻകീഴ് വസിക്കുന്നതു തന്നെ തന്റെ അന്തസ്സിനു പറ്റിയതല്ലായെന്നുറച്ചു അവരിൽ നിന്നു മാറിപാർക്കുന്നതുടങ്ങി. അസ്സന്മാർഗ്ഗികളായ ക്രൂരകാരും അയാളോട് അടുത്തുകൂടി. അവരുമായുള്ള സംസർഗ്ഗത്താൽ അധികകാലവിളംബമെന്യേ അയാൾ ഒരു മഹാപാതകനായിത്തീർന്നു. പണം സമ്പാദിക്കുന്നതിന് എത്തു ക്രൂരകൃത്യമെങ്കിലും ചെയ്യുന്നതിൽ നമ്മുടെ അൽഫോൻസ് മടിച്ചിരുന്നില്ല. ഇങ്ങനെ പണം സമ്പാദിക്കുന്നതിനുള്ള അതിമോഹം കത്തിക്കാളിക്കൊണ്ടിരുന്ന സമയത്തു് ഇറവലിയിൽനിന്നു കച്ചവടവും കഴിഞ്ഞു വളരെ പണവുംകൊണ്ടു് ആൻഡ്രൂ എന്നൊരുവൻ വരുന്നുണ്ടെന്നു എങ്ങിനെയോ നമ്മുടെ അൽഫോൻസിനു അറിവുകിട്ടി. ആകയാൽ അയാളെ കൊലചെയ്തു ആ പണം തട്ടിയെടുക്കണമെന്നുദ്ദേശിച്ചു തന്റെ കൈത്തോക്കുമായി ആ ക്രൂരനട്ടത്തു ഇറങ്ങി പുറപ്പെട്ട നമ്മുടെ കഥാനായകനാണ് ആ പർവ്വതത്തിന്റെ താഴ്വരയിൽ കുറിക്കാട്ടകളുടെ ഇടയിൽ മറഞ്ഞുനില്ക്കുന്നതു്. "ആൻഡ്രൂ വരുന്നതിനുള്ള സമയം കഴിഞ്ഞിട്ടും അയാളെ കാണുന്നില്ല. കാരണം എന്തായിരിക്കാം! യാത്ര മാറ്റിവെച്ചെന്നു വരുമോ? അതോ മറ്റു വല്ലവരും അയാളെ പിടിക്രൂടി അപഹരിച്ചെന്നു വരുമോ?" എന്നെല്ലാം ചിന്തിച്ചുകൊണ്ടു അക്ഷമനായിരിക്കുമ്പോൾ കാട്ടിനുള്ളിൽനിന്നു എന്തൊ ഒരു ശബ്ദംകേട്ടു. ഉടനെ തോക്കെടുത്തു നിറയൊഴിക്കുന്നതിന് സന്നദ്ധനായിനിന്നു. പക്ഷെ വളരെ നേരം കാത്തുനിന്നിട്ടും ആളെ കാണുന്നില്ല. ഒരു വിനാഴിക ഒരു ദിവസംപോലെ അയാൾക്കു തോന്നി. സ്വല്പം കഴിഞ്ഞപ്പോൾ അയാൾ ആശാഹീനനായി തോക്കു താഴെവെച്ചു ഒരു മരത്തിന്മേൽ ചാരിയിരുന്നു. വല്ല അനക്കവും കേൾക്കുന്നാമാത്രയിൽ ചെവിപാത്തുകൊണ്ടു് ശബ്ദംകേട്ട ഇടത്തേക്കു് നോക്കി തോക്കുമെടുത്തുനില്ക്കും. ഇങ്ങനെ പല മണിക്കൂർ കഴിഞ്ഞു. എന്നിട്ടും നമ്മുടെ ആൻഡ്രുവിനെ കാണുന്നില്ല. കഷ്ടം! ഇത്രാഭാഗത്തോടുകൂടെ സ്വഭവനത്തിലേക്കു് മടങ്ങിക്കളയാം എന്നു വിചാരിച്ചു തോക്കുമെടുത്തു യാത്രയ്ക്കു ഒ

രുങ്ങിയപ്പോൾ ഇതാ ഒരു ശബ്ദം കേട്ടുതുടങ്ങി. ഒരു മണിനാദമാണ്. അയാളുടെ ഹൃദയം സന്തോഷത്താൽ തുടിച്ചു. "ആൻഡ്രൂവിനു പണം ധാരാളമുണ്ടല്ലൊ. അതുകൊണ്ട് വണ്ടിയിൽകയറി വരികയായിരിക്കാം" എന്നുകരുതി തോക്കും തയാറാക്കിവെച്ചു നിലകൊണ്ടു. ശബ്ദം ഒന്നിനൊന്നിനു അടുത്തുതന്നെ വന്നു. തന്നെ കാണാതിരിക്കുന്നതിന് ഒരു കുറുങ്കാട്ടിൽ നിലയുമുറപ്പിച്ചു. "നല്ലതരം, ഒരു നറയൊഴിച്ചാൽ ആൻഡ്രൂ എവിടെ? പണം അക്കിരിക്കും? എന്റെ യോഗംതന്നെ" എന്നിങ്ങനെ വിചാരിച്ചുകൊണ്ട് ആനന്ദസാഗരത്തിൽ മുഴുകിനിൽക്കുകയിൽ, ഇതാ ഒരു ചെറുബാലൻ ഇടതു കൈയിൽ ഒരു വിളക്കും, വലതു കൈയിൽ ഒരു മണിയും പിടിച്ചു വളരെ ആചാരത്തോടെ അടുത്തുവരുന്നതുകണ്ടു. പിറകെ കൈകളുംകൂപ്പി, താൻ വന്ദിച്ചുകൊണ്ടിരിക്കുന്ന ജഗന്നിയന്താവിനെ സ്മരിച്ചു സമാധിയിൽ ലയിച്ചു മന്ദം മന്ദം നടകൊള്ളുന്ന ഒരു വൈദികനും വരുന്നുണ്ട്. ഈ കാഴ്ച കണ്ടപ്പോൾ നമ്മുടെ അൽഫോൻസിന്റെ ഹൃദയം ശക്തിമത്തായി ചലിച്ചുതുടങ്ങി. ഇരുകരങ്ങളും ബലഹീനങ്ങളായി തോക്കു താനെ നിലംപതിച്ചു. അധരങ്ങൾ വിറക്കുന്നു. നേത്രങ്ങളിൽനിന്ന് ചുടുകണങ്ങൾ ധാരധാരയായി പ്രവഹിക്കുന്നു. പാതകനായ തന്നെ ഈ വനാന്തരത്തിൽപോലും സന്ദർശിക്കുന്നതിന് വന്ന നമ്മുടെ ദിവ്യരക്ഷകന്റെ സ്നേഹാധിക്യത്തെ കണ്ട് വിതുമ്പി കരയുവാൻ ആരംഭിച്ചു. ഉടനെ അയാൾ നമ്മുടെ വൈദികന്റെ മുമ്പിലോട്ടു ചാടിച്ചെന്നു മുട്ടിന്മേൽനിന്നുകൊണ്ട്, "പിതാവേ ക്ഷമിക്കണമെ! ഞാൻ മഹാപാപിയാകുന്നു. എന്റെ പാപസങ്കീർത്തനം കേൾക്കണമെ! ഞാൻ മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നു. എന്റെമേൽ അനുഗ്രഹിക്കേണമെ." എന്നു പറഞ്ഞുകൊണ്ട് നടന്ന വൃത്തമാനം മുഴുവനും പറഞ്ഞുകേൾപ്പിക്കുവാൻ തുടങ്ങി. നിനച്ചിരിയാതുള്ള ഈ സംഭവം കണ്ടുകൊണ്ട് ഞെട്ടി നമ്മുടെ വൈദികൻ സപ്പോ പിന്നോക്കം മാറി അത്ഭുതപരതന്ത്രനായി നിലകൊണ്ടു. ഇതു കണ്ടുകൊണ്ട് നമ്മുടെ അൽഫോൻസ്, "അച്ചാ!

ഭയപ്പെടേണ്ട. ഞാൻ യാതൊരുപദ്രവവും ചെയ്യുകയില്ല. താങ്കളുടെ പക്കൽ ഞാൻ അടുത്തതു് എന്റെ പാപസങ്കീർത്തനംകേട്ടു എന്നെ ആശ്വസിപ്പിക്കുന്നതിനുവേണ്ടിയാകുന്നു ഇതു സാധിച്ചില്ലാതെ ഞാൻ ഇവിടെനിന്നും എഴുന്നേല്ക്കുകയില്ല" എന്നു ഉറപ്പായി പറഞ്ഞതുകേട്ടു നമ്മുടെ വൈദികൻ അവിടെ ഒരു പാറമേൽഇരുന്ന അവന്റെ പാപസങ്കീർത്തനം കേൾക്കുകയും അവനെ ആശ്വസിപ്പിക്കുകയും ചെയ്തശേഷം വീണ്ടും യാത്രതുടർന്നു. അൽഫോൻസോ എന്നാൽ വൈദികനെ വിട്ടുപിരിയുന്നതിനു് മനസ്സാകാതെ ബാലന്റെ കയ്യിൽ ഇരുന്ന വിളക്കും വാങ്ങിക്കൊണ്ടു് രോഗിയുടെ ഭവനത്തിലേക്കു് നടകൊണ്ടു. അവിടെചെന്നു് ആ വിശുദ്ധ കർമ്മത്തിൽ സംബന്ധിച്ചശേഷം തിരിച്ചുവരുകയിൽ വഴിമദ്ധ്യേ നമ്മുടെ ആൻഡ്രൂ വരുന്നതു് കണ്ടു് ഉടനെ ഓടിച്ചെന്നു അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു "സഹോദരാ! ക്ഷമിയ്ക്കണമേ! ഞാൻ പാപിയാകുന്നു. നിന്നോടു അധർമ്മം പ്രവൃത്തിക്കുവാൻ ഞാൻ ഒരുമ്പെട്ടു. എന്നാൽ നല്ല ദൈവം കാട്ടിൽവന്നു് എന്നെ സന്ദർശിച്ചു ആ മഹാപാതകത്തിൽനിന്നു് എന്നെ രക്ഷിച്ചു" എന്നു പറഞ്ഞു് സ്നേഹവാത്സല്യത്തോടെ അവനെ പല പ്രാവശ്യം ചുംബിച്ചു. അതിന്റെശേഷം നടന്ന സംഭവം സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. ആൻഡ്രൂ അത്ഭുതപരതന്ത്രനായി നിന്നശേഷം അൽഫോൻസിനോടു്, "പ്രിയ സ്നേഹിതാ! ഞാൻ ഈ അത്യാഹിതത്തിൽപെട്ടുപോയേനേ. പ്രാർത്ഥിച്ചുകൊണ്ടു് യാത്ര തുടർന്നുകളയാമെന്നു വിചാരിച്ചു അടുത്തുണ്ടായിരുന്ന ഒരു ദേവാലയത്തിൽകയറി. അതാണു് ഇത്രയും താമസിച്ചതു്. അല്ലെങ്കിൽ തന്റെ തോക്കിനു ഞാൻ ഇരയാകുമായിരുന്നു" എന്നു പറഞ്ഞശേഷം സ്നേഹാലിംഗനംചെയ്തു പിരിയുകയും ചെയ്തു. ഈ സംഭവശേഷം അൽഫോൻസ് പരിപാവനമായ ഒരു ജീവിതം നയിച്ചു സകലർക്കും ഒരു ഉത്തമ മാതൃകയായി പരിലസിക്കുകയുംചെയ്തു.

പ്രിയരെ, പ്രാർത്ഥനയുടെ ഫലവും വിലയും കാണുക. നാമും, ഈ മാതൃക അനുസരിച്ചു പ്രവൃത്തിച്ചാൽ പലപല ആപ

ത്തുകളിൽനിന്ന് നമുക്ക് രക്ഷപെടാം. നിരന്തരമായി നമ്മോടു പോരാടുന്ന ശത്രുക്കളും നിരവധിയാകുന്നു. അവരുടെ ശക്തിയേറിയ ആക്രമങ്ങളെ ജയിക്കുന്നതിന് പരിപൂർണ്ണമായ ആയുധം അപേക്ഷയല്ലാതെ മറെറാന്നുമല്ല. ആകയാൽ ഈ ആയുധത്തെ നാം സദാ ധരിച്ചുകൊണ്ടു നടക്കുവാൻ ശ്രമിക്കണം. നാം എന്നുതന്നെ പ്രവൃത്തിക്കുന്നെങ്കിലും അത് ഒരു ചെറിയ പ്രാർത്ഥനയോടുകൂടെ ആരംഭിക്കട്ടെ. ഇപ്രകാരം നാം ചെയ്യുന്നെങ്കിൽ നമുക്ക് പലപല ഗുണങ്ങളും സിദ്ധിക്കും, എന്നുതന്നെയല്ല നിരവധി ആപത്തുകളെ തടയുന്നതിനു ഇടവരികയുംചെയ്യും നിശ്ചയം.

ഈശോമിശിഹായോടുള്ള

പ്രായോഗിക സ്നേഹം.

(തിയാഹിലാസ്.)

III. നമ്മുടെ വിശ്വസ്തത. (തുടർച്ച.)

9. സാത്താൻ പാപംമൂലം നമുക്കു എത്രമാത്രം നാശം വരുത്തിയോ അതിനേക്കാളും അധികമായ നന്മയാണ് ഈശോതന്റെ മരണംമൂലം നമുക്ക് ചെയ്തത് എന്ന് വി. ലേയോ പറയുന്നു. ഈ വാക്കുകളാൽ, തനിക്കുമുമ്പു് വി. പൌലോസ് പറഞ്ഞിട്ടുള്ള 'പുനരുത്ഥാനം എന്ന ദാനം പാപത്തെക്കാളും വലുതാകുന്നു' എന്നതിനെ പ്രഖ്യാതിക്കുകയത്രേ അദ്ദേഹം ചെയ്യുന്നത്. അനുഗ്രഹം കുറ്റത്തെ ജയിച്ചിരിക്കുന്നു. "കുറ്റംപോലെതന്നെ ദാനം. പാപം പെരുകിയ ഇടത്തിൽ അനുഗ്രഹം സമൃദ്ധിപ്പെട്ടു." (റോമ. 5, 15 – 20) ഇതുവഴിയായി ദിവ്യരക്ഷകൻ, തന്റെ യോഗ്യതകൾമൂലം സകല അനുഗ്രഹങ്ങളേയും സഹായങ്ങളേയും കാംക്ഷിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

നമുക്കാവശ്യമുള്ളതൊക്കെയും തന്റെ പരമപിതാവിൽനിന്നു ലഭിക്കേണ്ടതിനുള്ള മാർഗ്ഗം പഠിപ്പിക്കുന്നതു കണ്ടാലും: "സത്യമായിട്ടു, സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു് എന്തെങ്കിലും യാചിച്ചാൽ അങ്ങുന്നു് അതു നിങ്ങൾക്കു നല്കും." (യോഹ. ക്നു. ൨൩.) നിങ്ങൾ ആഗ്രഹിക്കുന്നതെന്തെങ്കിലും പിതാവിനോടു് എന്റെ നാമത്തിൽ ചോദിക്കുവിൻ; നിങ്ങൾ കേൾക്കപ്പെടും എന്നു് ഞാൻ തീച്ചപറയുന്നു. അതെ, താൻ സ്വാത്മതുല്യം സ്നേഹിക്കുന്ന തന്റെ ഏകജാതനെ നമുക്കു തന്നിരിക്കുമ്പോൾ പിതാവിനു് നാം ചോദിക്കുന്നതിനെ നിഷേധിക്കുവാൻ കഴിയുന്നതെങ്ങനെ? "ഈ പിതാവു് തന്റെ സ്വന്തപുത്രനോടുപോലും ക്ഷമിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അയാളെ മരണത്തിനേല്പിച്ച സ്ഥിതിക്കു് അവിടുന്നു് എങ്ങനെയാണു് നമുക്കു് എല്ലാം തന്നിട്ടുണ്ടാകാതിരിക്കുക?" (റോമ. ൮, ൩൨). "എല്ലാം" എന്നാണു് വി. അപ്പോസ്തോലൻ പറയുന്നതു്. ആകയാൽ പാപപൊറുതി, വാഗ്ദത്തത്തിലുള്ള നിലനില്പു്, പരിശുദ്ധമായ സ്നേഹം, പുണ്യപരിപൂർണ്ണത, സ്വർഗ്ഗം എന്നിങ്ങനെയുള്ള സകല അനുഗ്രഹങ്ങളും അതിലുൾപ്പെട്ടിട്ടുണ്ടു്. പക്ഷേ നാം അങ്ങയോടു പ്രാർത്ഥിക്കണം. എന്നാലെ ആ ദാനങ്ങൾ നമുക്കു കൈവരികയുള്ളൂ. ദൈവം, തന്നോടു അഭ്യർത്ഥിക്കുന്നവർക്കു് ഒരു ഉദാരമൂർത്തി തന്നെയാണു്. "കർത്താവു് തന്നെ വിളിക്കുന്ന എല്ലാവരോടും സന്നിധാനൻ." (റോമ. ൧൦, ൧൨)

10. ഞാൻ ഇനിയും, ആവിലായിലെ അനുഗ്രഹീതനായ യോഹന്നാൻ, ഈശോമിശിഹായുടെ യോഗ്യതകളിൽ നമുക്കുണ്ടായിരിക്കേണ്ടവിശ്വാസത്തെക്കുറിച്ചു് എഴുതീട്ടുള്ള ലേഖനങ്ങളിൽനിന്നു് അനേകം മനോഹരങ്ങളായ ചിന്തകളെ ഇവിടെ ഉദ്ധരിക്കാം.

11. 'ഈശോമിശിഹാ, പരമപിതാവിനും നമുക്കും മദ്ധ്യേയുള്ള ഒരു മദ്ധ്യസ്ഥനാണെന്നുള്ള കാര്യം നാം മറന്നുകളയരുതു്; നാം അങ്ങേ സ്നേഹഭാജനങ്ങളും, നമ്മുടെ സ്വന്ത കുറ്റത്താലെ

ചാവുദോഷംചെയ്ത് നമ്മെത്തന്നെ ദൈവത്തിൽ നിന്നകറ്റുന്നതുവരെ അഭേദ്യമാംവണ്ണം അത്ര ഗാഢമായി അങ്ങയോടു യോജിച്ചിരിക്കുന്നവരുമാണെന്നുള്ളതും നാം വിസ്മരിച്ചുകളയരുത്. ഈശോയുടെ തിരുരക്തം നമുക്കുവേണ്ടി അനുഗ്രഹത്തിനായി നിലവിളിക്കുന്നു; ആ നിലവിളിയുടെ ഉച്ചശബ്ദം നമ്മുടെ പാപങ്ങളുടെ ശബ്ദത്തെ നിഷ്പ്രഭം അമർത്തിക്കളയത്തക്കതിനുണ്ണും അത്രയുള്ള ശക്തിയുള്ളതത്രേ. ഈശോമിശിഹായുടെ മരണം നമ്മുടെ പാപങ്ങളെ ഹനിച്ചിരിക്കുന്നു. "ഒ മരണമേ, ഞാൻ നിന്റെ മരണമായിരിക്കും." നിത്യനാശത്തിലകപ്പെട്ടിട്ടുള്ളവർ പാപപരിഹാരമാർഗ്ഗങ്ങളുടെ അഭാവം കൊണ്ടല്ല നശിച്ചുപോയിട്ടുള്ളത്, പ്രത്യുത, ഈശോമിശിഹാ പാപപരിഹാരമാർഗ്ഗങ്ങളായി സ്ഥാപിച്ച ക്രമാശകളെ ഫലപ്രദമാംവണ്ണം വിനിയോഗിക്കുവാൻ അനാസ്ഥ കാണിക്കുകയാലത്രേ.

12. 'മിശിഹാ നമ്മുടെ പാപങ്ങളെ തന്റെ സ്വന്ത പാപങ്ങളെന്നോണം പരിഹാരം ചെയ്യാനായി ഏറ്റുവാങ്ങിയിരിക്കുന്നു. നമ്മുടെ പാപങ്ങളെ തന്റെ സ്വന്ത പാപങ്ങളെന്നാണ് അവിടുന്നു വിളിക്കുന്നത്. അതിൽ ഒന്നുപോലും അവിടുന്നു ചെയ്തിട്ടുള്ളതല്ലെങ്കിലും താൻ അവയെല്ലാക്കയും പരിഹാരം യാചിക്കുകയും, തനിക്കായിട്ടെന്നോണം ഏറ്റവും മൂടലമായ സ്നേഹത്തോടുകൂടി പ്രാർത്ഥിക്കുകയുമുണ്ടായി. അത് തന്നിൽ അഭയം തേടുന്നവർ അങ്ങയുടെ സ്നേഹവിഷയങ്ങളായി ഭവിക്കേണ്ടതിനായിരുന്നു. അവിടുന്നു പ്രാർത്ഥിച്ചതുപോലെതന്നെ നിറവേറുകയുംചെയ്തു. എന്തുകൊണ്ടെന്നാൽ സ്നേഹിക്കുകയാണെങ്കിൽ ഈശോയും നാമും ഒന്നിച്ചു സ്നേഹിക്കപ്പെടുകയും, ദ്വേഷിക്കുകയാണെങ്കിൽ ഈശോയും നാമും ഒന്നിച്ചു ദ്വേഷിക്കപ്പെടുകയും ചെയ്യത്തക്കതിനുണ്ണും നാമും ഈശോയും തമ്മിൽ അത്ര ഗാഢമായി യോജിച്ചിരിക്കണമെന്നത്രേ ദൈവനിശ്ചയം. പക്ഷെ, ഈശോ ദ്വേഷിക്കപ്പെട്ടുന്നില്ല, ദ്വേഷിക്കപ്പെടുവാൻ നിവൃത്തിയുമില്ല. അതുകയാൽ, സ്നേഹംമൂലം ഈശോയോടു യോജിച്ചിരിക്കയാണെങ്കിൽ നാമും സ്നേഹിക്കപ്പെടും. ദൈവം ഈശോയെ

സ്നേഹിക്കുകമൂലം നമ്മെയും സ്നേഹിക്കുന്നു; എന്തുകൊണ്ടെന്നാൽ നമുക്കു നമ്മെത്തന്നെ എത്രത്തോളം ദ്വേഷികളാക്കുവാൻ കഴിയുമോ അതിലധികം നമ്മെ സ്നേഹിപ്പിക്കുവാൻ ഈശോയ്ക്കു കഴിവുണ്ട്. തന്നെയുമല്ല, പരമപിതാവു് പാപികളെ വെറുക്കുന്നതിൽ ആയിരം മടങ്ങു കൂടുതലായിട്ടാണ് ഈശോയെ സ്നേഹിക്കുന്നതു്.'

13. 'ഈശോ തന്റെ പിതാവിനോടു് "പിതാവെ, നീ എനിക്കു നല്കിയിട്ടുള്ളവർ ഞാൻ ഇരിക്കുന്നിടത്തു് എന്നോടുകൂടിയിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു" (യോഹ. ൧൭, ൨൪) എന്നാണ് അപേക്ഷിച്ചതു്. സ്നേഹം ദ്വേഷത്തെ ജയിക്കയും തദ്വാരാ നാം വിമോചിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇനി നാം ഒരിക്കലും തള്ളപ്പെടുകയില്ല. നമ്മെ ബന്ധിച്ചിരിക്കുന്ന സ്നേഹബന്ധം അത്രയ്ക്കു് ഉറപ്പുള്ളതാകുന്നു. കർത്താവു് ഇസയാസ് ദീർഘദർശി വഴിയായി അരുളിചെയ്യുന്നതു കേട്ടാലും: "ഒരമ്മയ്ക്കു് അവളുടെ കുട്ടിയെ മറന്നുകളയുവാൻ കഴിയുമോ? ഇനി ഒരുപക്ഷേ അവൾ മറന്നാലും, ഞാൻ നിന്നെ മറക്കുന്നതല്ല. ഇതാ ഞാൻ നിന്നെ എന്റെ കൈകളിൽ മുദ്രിച്ചുവയ്ക്കുന്നു." (ഇസ. ൪൯, ൧൫) അവിടുന്നു നമ്മെ അങ്ങേയുടെ കൈകളിൽ ചിത്രിച്ചുവച്ചിട്ടുള്ളതു് അങ്ങേ സ്വന്തമാക്കിത്തീർക്കുകൊണ്ടാകുന്നു. അങ്ങയ്ക്കു് നമ്മോടുള്ള സ്നേഹത്തിന്റെ സാക്ഷ്യമായിട്ടു് അവിടുത്തെ കൈകളാകുന്ന ആണികളാൽ തുളയ്ക്കപ്പെട്ടുവെന്നിരിക്കെ നാം ഒന്നിലും ചഞ്ചലപ്പെടേണ്ട ആവശ്യമില്ല.

14. 'നമുക്കു ധൈര്യം നൽകുവാൻ യേശുക്രിസ്തുവിനു സാധിക്കാത്തതായ യാതൊന്നിനാം നമ്മെ അത്രത്തോളം ചഞ്ചലപ്പെടുത്തുവാൻ കഴികയില്ല. ഞാൻ ചെയ്തിട്ടുള്ള പാപങ്ങളും എന്നെ വലയം ചെയ്യട്ടെ, പിശാചുക്കൾ എനിക്കു കുരുക്കുകൾവയ്ക്കട്ടെ, ഭാവിയെപ്പറ്റിയുള്ള ഭയം എന്നിൽ കുറവു് ആരോപിക്കട്ടെ, എന്നിരുന്നാലും മരണത്തോളം എന്നെ മൃദുലമായി സ്നേഹിച്ച ഈശോമിശിഹായോടു കൃപ യാചിക്കുന്നപക്ഷം എനിക്കു ശ

രണ്ടതിനല്ലാതെ വഴിയുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം തന്നെത്തന്നെ എനിക്കുവേണ്ടി ബലികഴിച്ചതുകൊണ്ട് ഞാൻ വളരെ വിലയുള്ളവനായി കരുതപ്പെട്ടതായിട്ടാണ് ഞാൻ കാണുന്നതു്. ആപൽഘട്ടങ്ങളിൽ നിന്നെ അനേഷിക്കുന്ന വരുടെ നിശ്ചയമുള്ള സങ്കേതസ്ഥാനമായ ഈശോയേ! എത്രയും സൂക്ഷ്മമുള്ള അജപാലകാ, ജീവിതത്തെ നവീകരിക്കണമെന്നാഗ്രഹിക്കുന്ന ഏവനും നിന്നിൽ വിശ്വസിക്കുന്നില്ലെങ്കിൽ അവൻ സ്വയം വഞ്ചിതനാകയത്രേ ചെയ്യുന്നതു്. അതുകൊണ്ടാണ്, നീ 'ഞാൻ ഇവിടെയുണ്ട്', ഭയപ്പെടേണ്ട; ക്ലേശിപ്പിക്കുയും ആശ്വസിപ്പിക്കുകയും ചെയ്യുന്നവൻ ഞാനാണ്. ചിലരെ ഞാൻ പലപ്പോഴും ഭയങ്കരമായ ക്ലേശം അനുഭവിപ്പിക്കയും, അതു് അവർക്ക് സാക്ഷാൽ നരകപീഡനംപോലെ തോന്നുകയും ചെയ്യുന്നു; എന്നാൽ അല്പം കഴിഞ്ഞിട്ട് ഞാൻ അവരെ വീണ്ടും ക്ഷണിക്കൊണ്ടുവരികയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഞാൻ, നിന്റെ കാര്യം എന്റെ സ്വന്തമായി കയ്യേറ്റെടുത്തിട്ടുള്ള നിന്റെ മധ്യസ്ഥനും, നിന്റെ കടങ്ങളെ വീട്ടുവാൻ വന്നിരിക്കുന്ന നിന്റെ ജാമ്യക്കാരനും, എന്റെ രക്തംകൊണ്ടു നിന്നെ വീണ്ടുരക്ഷിച്ച നിന്റെ കർത്താവുമാകുന്നു. നിന്നെ തിരസ്കരിക്കുന്നതിനല്ല, പ്രത്യുത, സമ്പന്നനാക്കുന്നതിനത്രേ ഞാൻ നിന്നെ ഇത്ര വലിയ വിലകൊടുത്തുവാങ്ങിയതു്. എനിക്കെതിരായി നിഷ്കരുണപ്രവൃത്തികൾ ചെയ്വാൻ തരംനോക്കി നടന്നിരുന്നവരെ അനേഷിച്ചു ഞാൻ പുറപ്പെട്ടുവന്നിരിക്കെ, എന്നെ അനേഷിക്കുന്നവരുടെ മുമ്പാകെ നിന്ന് ഞാൻ ഓടിഒളിക്കുന്നതെങ്ങനെ? എന്നെ അടിച്ചുവനിൽനിന്ന് ഞാൻ എന്റെ മുഖം തിരിച്ചുകളഞ്ഞില്ല, അങ്ങനെയെങ്കിൽ എന്നെ ആരാധിക്കുവാനിച്ഛിക്കുന്നവനിൽ നിന്നു ഞാൻ എന്റെ മുഖം തിരിച്ചുകളയുന്നതായുക്തമോ? ഞാൻ ശത്രുകരങ്ങളിൽ എന്നെത്തന്നെ ഏല്പിച്ചുകൊടുത്തതു് എന്റെ മക്കളോടു എനിക്കുള്ള സ്നേഹം നിമിത്തമാണെന്നു കാണ്കെയിൽ അവർ എങ്ങനെയാണ് എന്റെ സ്നേഹത്തെക്കുറിച്ചു സംശയിക്കുക? എന്നെ സ്നേഹിച്ചിട്ട്

ള്ള ആരെയാണ് ഞാൻ എപ്പോഴെങ്കിലും തള്ളിക്കളഞ്ഞിട്ടുള്ളത്? എന്റെ സഹായമപേക്ഷിച്ചിട്ടുള്ളവരെ ഞാൻ എപ്പോഴാണ് നിരസിച്ചിട്ടുള്ളത്? എന്നെ അനേഷിക്കാത്തവരേപ്പോലും ഞാൻ അനേഷിച്ചുപോകുന്നു.'

15. 'നിത്യപിതാവ് തന്റെ ഏകജാതനെ നിനക്കു തന്നുവെന്നു നീ വിശ്വസിക്കുന്നുണ്ടെങ്കിൽ അവിടുന്ന് തന്റെ പുത്രനേക്കാൾ തുലോം തുച്ഛമായ മറ്റുള്ള സമസ്തവും നിനക്കു തരുമെന്നും നീ ഉറപ്പായി വിശ്വസിച്ചുകൊൾക. ഈശോമിശിഹാ, തന്റെ അതിരറ്റ സ്നേഹത്തിന്റെ ലക്ഷ്യമായിട്ട് എന്നും എല്ലായ്പോഴും പരിശുദ്ധ കുർബ്ബാനയിൽ എഴുന്നെള്ളിയിരിപ്പാൻ തിരുമനസ്സായിരിക്കെ, അവിടുന്നു നിന്നെ മറന്നുകളഞ്ഞിരിക്കുന്നുവെന്നു നിനക്കു ചിന്തിക്കാൻ പാടുണ്ടാകുമോ?

സ്നേഹപ്രകരണങ്ങളും അഭ്യർത്ഥനകളും.

ഒ എന്റെ ഈശോയേ, എന്റെ സ്നേഹമേ, നിന്റെ പീഡാനുഭവം എത്ര സൗഭാഗ്യപ്രദമായ ശരണത്തെയാണ് എനിക്കു പ്രദാനം ചെയ്യുന്നത്! എനിക്കു പാപപരിഹാരവും, പരദീസായും എന്തു വേണ്ടു, ആവശ്യമായ സകല വരപ്രസാദങ്ങളും, തന്റെ സ്വന്തരക്തംതന്നെയും നൽകുന്ന ഒരു സ്നേഹകർത്താവായ ദൈവത്തിൽ നിന്നു അകറ്റിയാക്കുകയും വാങ്ങാതിരിപ്പാൻ എനിക്കു എങ്ങനെയാണ് കഴിയുക? ആ എന്റെ ഈശോയേ, എന്റെ ശരണമേ, എന്റെ സ്നേഹമേ, ഞാൻ നശിച്ചുപോകാതിരിക്കേണ്ടതിന് നീ എന്റെ ജീവനെ എനിക്കു നല്കി; എന്റെ രക്ഷകാ, എന്റെ ദൈവമേ, എല്ലാവസ്തുക്കളേക്കാളും ഉപരിയായി നിന്നെ ഞാൻ സ്നേഹിക്കുന്നു. നീ നിന്നെത്തന്നെ പൂർണ്ണമായി എനിക്കു നല്കിയിരിക്കുന്നു; ഞാൻ എന്റെ മനസ്സിനെ മുഴുവനായി നിനക്കു കാഴ്ചവയ്ക്കുകയും അതോടുകൂടിത്തന്നെ നിന്നെ ഞാൻ സ്നേഹിക്കുന്നുവെന്ന് ആവർത്തിച്ചു പറകയും ചെയ്യുന്നു; 'നിന്നെ ഞാൻ സ്നേഹിക്കുന്നു,' 'നിന്നെ ഞാൻ സ്നേഹിക്കുന്നു' എന്ന് സദാ ഞാൻ പറയും. എന്റെ

ഐഹികജീവിതകാലമൊക്കെയിലും സദാ ഇങ്ങനെ യഥാർത്ഥത്തിൽ പറയുവാനും 'എന്റെ ദൈവമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു' എന്ന ആ സുന്ദരമായ വാക്കുകളും ഉച്ചരിച്ചുകൊണ്ട് അന്ത്യശ്വാസം വിടുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. ആ വിനാഴികമുതൽ നിന്നോടുള്ള സ്നേഹത്തെ ഇടമുറിയാതെ എന്നേയ്ക്കുമായി കീർത്തിക്കുന്നതിനും എനിക്കു നീ ഇടവരുത്തണമെ. അതുകയാൽ നിന്നെ ഞാൻ സ്നേഹിക്കുന്നു; ഞാൻ നിന്നെ സ്നേഹിക്കുന്നതുകൊണ്ട് നിന്നെ ഉപദ്രവിച്ചുപോയതിനാൽ എല്ലാറ്റിലും ഉപരിയായി അതേപ്പറ്റി ഞാൻ മനസ്താപിക്കുന്നു. ഞാൻ ആഗ്രഹിച്ച ഒരു അല്പനേരത്തേയ്ക്കുള്ള ഐന്ദ്രിയ സംതൃപ്തിക്കുവേണ്ടി ഈ നീചനായ ഞാൻ അളവറ്റനന്മയായ നിന്നെ പലപ്പോഴും ഉപദ്രവിച്ചതുകൊണ്ട് ഭയപ്പെടുന്നു. ഈ വിചാരം എന്നെ മറ്റെല്ലാവേദനകളേക്കാളും അധികമായി വേദനപ്പെടുത്തുന്നു. എങ്കിലും എനിക്ക് ഇടപെടുവാനുള്ളതു്, സാക്ഷാൽ സ്നേഹിക്കുന്ന ഒരു ഹൃദയത്തെ നിരസിക്കുന്നതെങ്ങനെയെന്ന് അറിഞ്ഞുകൂടാത്ത ഒരു അനന്തനന്മയോടാകയാൽ എനിക്കു ആശ്വാസമാണുള്ളതു്. ഓ, എനിക്കു വേണ്ടി മരിച്ച നിന്നെപ്രതി മരിക്കുവാൻ എനിക്കും ഇടകൂടിയിരുന്നുവെങ്കിൽ! എന്റെ പ്രിയരക്ഷകാ, വരുവാനിരിക്കുന്ന ജീവിതത്തിൽ നിത്യരക്ഷപ്രാപിക്കാമെന്നും, ഐഹികജീവിതത്തിൽ നിന്റെ പരിശുദ്ധമായ സ്നേഹത്തിൽ നിലനില്പുണ്ടാകുമെന്നും നിന്നിൽ ഞാൻ ശരണപ്പെടുന്നു; അതുകയാൽ അതു നിന്നോടപേക്ഷിക്കുവാൻ ഞാൻ ഇതാ നിശ്ചയിച്ചുറയ്ക്കുന്നു. നിന്റെ മരണത്തിന്റെ യോഗ്യതകൾമൂലം നിന്നോടപേക്ഷിക്കുന്നതിന് നിലനില്പു് അഥവാ സ്ഥൈര്യം എന്ന ദാനം എനിക്കു നീ തന്നരുളണമെ. ഓ മറിയമേ, എന്റെ രാജ്ഞിയേ, ഇതു് നിന്നിൽ നിന്നും ഞാൻ യാചിക്കുകയും ശരണപ്പെടുകയും ചെയ്യുന്നു.

കുടുംബജീവിതക്രമം.

റവ. ഫാദർ ഹില്ലാരിയോൻ സി. ഡി.

"ദീപം" എന്ന പദത്തിന്റെ അർത്ഥം വിളക്ക്, വെളിച്ചം അഥവാ പ്രകാശം എന്നാണല്ലോ. പ്രകാശം അന്ധകാരത്തെ ദൂരീകരിക്കുന്നതിനാൽ സവിശേഷം ദർശിക്കുന്നതിനോ സ്പർശിക്കുന്നതിനോ സാധിക്കുന്നു. അന്ധകാരനിബിഡമായ രാത്രിയിൽ നമ്മുടെ അക്ഷികൾക്ക് ലക്ഷീഭവിക്കാത്ത അനേകം വസ്തുക്കൾ സൂര്യോദയത്തിങ്കൽ തെളിവായും വെളിവായും കാണാൻ കഴിയുന്നു. ലോകരക്ഷകനായ മിശിഹായുടെ ആഗമനത്തിനു മുമ്പ് ലോകം അജ്ഞാനാന്ധകാരത്തിൽ ആണ്ടു കിടന്നിരുന്നു. നാമെല്ലാവരും "ഞാൻ വെട്ടവും വഴിയും സത്യവും ആയുള്ളവൻ" ആകുന്നുവെന്ന് അരുളിച്ചെയ്ത ആ ദിവ്യ ഗുരുവിന്റെ സാക്ഷാൽ അനുഗാമികളാകുവിൻ. ആ ലോകോദ്ധാരകന്റെ തൃപ്പാദങ്ങളെ അനുപദം അനുസരിക്കുവിൻ. അങ്ങേ മഹനീയോപദേശങ്ങളിൽ നിന്നു നീതിയും സത്യവും ഗ്രഹിച്ച് തദനുസരണം പ്രവൃത്തിക്കുവിൻ.

"കുടുംബദീപം" എന്ന പദം എഴുതുകൊണ്ട് അർത്ഥവത്താണെന്ന് ആദ്യമായി ഗ്രഹിക്കണം. കുടുംബം സമുദായജീവിതത്തിന്റെ അടിസ്ഥാനമാകുന്നു. സമുദായജീവിതത്തെ മാതൃകായോഗ്യമാംവണ്ണം നയിച്ചുകൊണ്ടു പോകുന്നതിനുതകുന്ന പ്രകാശത്തെ പ്രദാനം ചെയ്യുന്നുള്ളതു "കുടുംബദീപം" മാസികയുടെ പരമ പ്രയോജനമായി കരുതുന്നു പക്ഷം കുടുംബജീവിതക്രമം സംബന്ധിച്ചുള്ള ഉപദേശങ്ങൾ "ദീപ"ത്തിൽ ഉണ്ടായിരിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ളതിന് രണ്ടുപക്ഷം ഉണ്ടാവാൻ തരമില്ല. അതിനാൽ കുടുംബജീവിതക്രമം എന്ന തലക്കെട്ടോടുകൂടി ആരംഭിച്ചിരിയ്ക്കുന്ന ഈ ഉപന്യാസവിഷയത്തിലേക്ക് വാ

യനക്കാരുടെ ശ്രദ്ധയെ ആത്മമായി ക്ഷണിച്ചുകൊള്ളട്ടെ.

കുടുംബജീവിതം ദൈവസ്ഥാപിതമാകുന്നു.

ദൈവം തന്റെ സാദൃശ്യത്തിൽ ആദത്തെ സൃഷ്ടിച്ചു. പുരുഷനാം സ്ത്രീയുമായി അവരെ സൃഷ്ടിച്ചു (സൃഷ്ടി. ൧,൨൭.) അനന്തരം ദൈവം അവരെ അനുഗ്രഹിച്ചു് ഇപ്രകാരം അരുളിച്ചെയ്തു. നിങ്ങൾ വർദ്ധിച്ചുപെരുകുവിൻ. ഭൂമിയിൽ നിറഞ്ഞു അതിനെ കീഴടക്കുവിൻ. (അ. ൨. വാ. ൬.) ദൈവമായ കർത്താവു് പൊടിയായ ആദത്തെ മണ്ണിൽനിന്നും ഉരുവാക്കി; അവന്റെ മുഖത്തു് ജീവന്റെ ശ്വാസത്തെ നിശ്വസിച്ചു; ആദം ജീവനുള്ളവനായിത്തീരുകയും ചെയ്തു. (വാ. ൭.) പിന്നെ ദൈവമായ കർത്താവു് ഏദനിൽ ഒരു തോട്ടത്തെ സ്ഥാപിച്ചു; താൻ ഉരുവാക്കിയ ആദത്തെ അവിടെയാക്കി. (വാ. ൮൭.) വീണ്ടും ദൈവമായ കർത്താവു് ഇപ്രകാരം അരുളിച്ചെയ്തു. ആദം ഏകനായിരിക്കുന്നതു് നന്നല്ല. അവനൊത്ത ഒരു സഖിയെ ഞാനുണ്ടാക്കും. (വാ. ൧൮.) അതിനാൽ ദൈവമായ കർത്താവു് ആദത്തിന്നു് ഗാഢനിദ്ര വരുത്തി അവന്റെ വാരിയെല്ലുകളിൽ ഒന്നൊട്ടുത്തു് ഒരു സ്ത്രീയെ സൃഷ്ടിച്ചു; അവളെ ആദത്തിന്റെ അടുക്കൽ കൊണ്ടുവന്നു. (വാ. ൨൧. ൨൨.) ഇവൾ സ്ത്രീയെന്നു വിളിക്കപ്പെട്ടും എന്തു കൊണ്ടെന്നാൽ പുരുഷനിൽനിന്നു് എടുക്കപ്പെട്ടവളാകുന്നു. (വാ. ൨൩.) അതിനാൽ പുരുഷൻ തന്റെ മാതാവിനേയും പിതാവിനേയും ഉപേക്ഷിച്ചു് ഭാര്യയോടു ചേരും. അവരിരുവരും ഒരു ജഡമാകയും ചെയ്യും. മേൽ ഉദ്ധരിച്ച വാക്യങ്ങളിൽ നിന്നു് ആദിമതാപിതാക്കൾ എങ്ങിനെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവെന്നും ആദ്യകുടുംബം പറുദീസായിൽ തന്നെ സ്ഥാപിച്ചുവെന്നും തെളിയുന്നുവല്ലോ.

ആദവും ഹവ്വായും ഒത്തുചിന്തു് പറുദീസായിൽ സഹായസഹകരണത്തോടുകൂടി വസിച്ച അവസരത്തിൽ ദൈവം അവർക്കു പ്രത്യക്ഷനായി ഉപദേശങ്ങൾ നല്കിയിട്ടുള്ളതായി വിശുദ്ധഗ്രന്ഥം സാക്ഷിക്കുന്നു. വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫല

ത്തെ ഭക്ഷിച്ചതുനിമിത്തം അവർ ശപിക്കപ്പെട്ടവരായി. മനോഹരമായ ആ തോട്ടത്തിൽനിന്നും നിഷ്കാസിതരാവാൻ നിർബ്ബന്ധിതരായി. ഇതിനിടയ്ക്ക് കായേൻ എന്നും ആബേൽ എന്നും രണ്ടു പുത്രന്മാർ ആദിമാതാപിതാക്കൾക്കു ജനിച്ചു.

ഹാബേൽ തന്റെ മാതാപിതാക്കൾക്കും ദൈവത്തിനും ഇഷ്ടമുള്ളവനായിരുന്നു. ദുഷ്ടനായ കായേൻ തന്റെ സഹോദരനായ ഹാബേലിനെ കൊന്നു. തന്നിമിത്തം അവൻ ദൈവത്തിന്റേയും മാതാപിതാക്കളുടേയും ശാപത്തിനു പാത്രവാനായി. ആദത്തിന്റെ പ്രിയപുത്രനായ ഹാബേലിന്റെ മരണാനന്തരം ആദത്തിന് തന്റെ ഭാര്യയായ ഹാവായിൽനിന്ന് പുത്രന്മാരും പുത്രികളും ജനിച്ചു. അതുപോലെതന്നെ കായേന്റെ ശാഖയിൽ അനേകം സ്ത്രീപുരുഷന്മാർ ജാതരായി. ആദത്തിന്റെ നേർ ശാഖയിൽ അനേകംപേർ ദൈവത്താൽ അനുഗ്രഹീതരായി ശോഭിച്ചിട്ടുണ്ട്. ജലപ്രളയത്താൽ ദൈവം മനുഷ്യഗണത്തെ നശിപ്പിക്കയിൽ അതിൽനിന്നും രക്ഷിക്കപ്പെട്ടത് നോഹും അവന്റെ കുടുംബവും മാത്രമായിരുന്നു. നോഹിന്റെ കപ്പലിൽ സകലവിധ പക്ഷിമൃഗാദികളും ഉണ്ടായിരുന്നു. ഇപ്പോൾ ലോകത്തിൽ കാണുന്ന മനുഷ്യഗണം നോഹിന്റെ സന്താനപരമ്പരകൾ ആണ്. അതിനാൽ ഈ ഭൂമുഖത്തു കാണുന്ന സകല കുടുംബങ്ങളും ദൈവസ്ഥാപിതങ്ങളാണെന്ന് വ്യക്തമാകുന്നുണ്ടല്ലോ.

(തുടരും.)

പ. കന്യകയുടെ സ്വർഗ്ഗപ്രാപ്തി.

(മിസ്സസ്സ് കോൺസ്റ്റിഡ്സ്സാ, ചാരുമൂട്.)

നമ്മുടെ ദിവ്യരക്ഷകന്റെ സ്വർഗ്ഗാരോഹണാനന്തരം ശ്ലീഹന്മാർ മതപ്രചരണാർത്ഥം ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും പുറപ്പെട്ടു. എന്നാൽ പരിശുദ്ധ കന്യക, യോഹന്നാൻ ഏ

വൻഗലീസ്ത്രയോടുകൂടി എഫേസൂസിൽ താമസിച്ചിരുന്ന എന്നാണ് പാരമ്പര്യം. അവിടെ തന്റെ തിരുക്കുമാരനോടുള്ള അഭേദ്യമായ സ്നേഹത്താൽ തന്നോടൊന്നിച്ചിരിക്കുന്നതിനുള്ള ദിവസം അവൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. രക്ഷനാഥന്റെ പീഡാനുഭവങ്ങളും മരണവും നിമിത്തം പരിശുദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുന്നതു് ഈ അമ്മയ്ക്കു് ആശ്വാസപ്രദമായിരുന്നു. അവളിൽ ജ്വലിച്ചുകൊണ്ടിരുന്ന ദിവ്യസ്നേഹാഗ്നി അവളുടെ ജീവിതത്തിനു് അന്തം വരുത്തുമെന്നുള്ള സ്ഥിതിയിലായി. അവളുടെ ആസന്നമായ മരണത്തെപ്പറ്റി ഗബ്രിയേൽ ദൈവദൂതൻ അവളെ അറിയിച്ചിട്ടുണ്ടായിരുന്നു. ഈ സന്തോഷവാർത്ത വി. യോഹന്നാനെ അവൾ അറിയിക്കുകയും അവളൊന്നിച്ചു വിശുദ്ധ സ്ഥലങ്ങൾ തന്റെ മരണത്തിനുമുമ്പു് ഒരിക്കൽക്കൂടി സന്ദർശിക്കുന്നതിനു് അദ്ദേഹത്തോടു് അവൾ ആവശ്യപ്പെടുകയുംചെയ്തു. രക്ഷനാഥന്റെ രക്തത്താൽ പരിപാവനമാക്കപ്പെട്ട കാൽവരിയിലേയ്ക്കുള്ള വഴിയിൽക്കൂടി സഞ്ചരിച്ചു തന്റെ തിരുക്കുമാരനും ദൈവവുമായ ഈശോമിശിഹാ, ജീവന്റെ അപ്പമായ ദിവ്യകാരുണ്യം സ്ഥാപിച്ച ജപാലയത്തിൽ പ്രവേശിക്കയും അവിടെ തന്റെ മരണസമയവും പ്രതീക്ഷിച്ചുകൊണ്ടു് അവൾ താമസിക്കയുംചെയ്തു.

ഈ സന്ദർഭത്തിൽ പരിശുദ്ധാത്മാവിന്റെ വെളിപാടുമൂലം പല സ്ഥലങ്ങളിൽനിന്നും വി. തോമ്മസ് ഒഴികെ മറ്റുള്ള അപ്പസ്തോലന്മാരും ശിഷ്യന്മാരും അവിടെ വന്നുചേർന്നു. പരിശുദ്ധ ദേവമാതാവു് അവരെ ആശ്വസിപ്പിക്കയും അവരുടെ പ്രേഷിതജോലിയിൽ അവളുടെ സഹായം സ്വർഗ്ഗത്തിൽനിന്നും അവർക്കു നല്കുന്നതാണെന്നു വാഗ്ദാനം ചെയ്കയുംചെയ്തു. പത്രോസിനെ തന്റെ തിരുക്കുമാരന്റെ അജഗണത്തെ സൂക്ഷിക്കുന്നതിനുള്ള ഭാരം ഏല്പിച്ചിരുന്നതിനാൽ പ്രത്യേകം അദ്ദേഹത്തെ ധൈര്യപ്പെടുത്തിയതിന്റെശേഷം എല്ലാവരേയും അനുഗ്രഹിച്ചിട്ടു അവസാനയാത്ര പറഞ്ഞു. അപ്പോൾ അവളുടെ മുഖം ദിവ്യപ്രഭയാൽ പ്രശോഭിക്കയും സ്നേഹാഗ്നിമയവും പരിശുദ്ധവുമായ ത

ന്റെ ആത്മാവു അമലമായ ശരീരത്തെ വിട്ടു സ്വർഗ്ഗത്തിലേയ്ക്കു യാത്രയാകുകയുംചെയ്തു. ഒരു നീതിമാന്റെയോ വിശുദ്ധന്റെയോ മരണത്തിൽനിന്നും വ്യത്യസ്തപ്പെട്ടതായിട്ടുണ്ട് പരിശുദ്ധ കന്യകയുടെ നിര്യാണം പരിഗണിക്കേണ്ടതു്. എന്തെന്നാൽ അവർ തന്റെ പ്രത്യേക അവകാശങ്ങളോടേയും മഹിമപ്രതാപങ്ങളോടേയും കേന്ദ്രസ്ഥാനമായ സ്വർഗ്ഗീയരാജധാനിയിലെ ഭരണം ക്രിസ്തുവിനോടുകൂടെ നടത്തുന്നതിനായി ഭൌമികരാജധാനിയിൽ നിന്നും സർവ്വസമ്പൽസമൃദ്ധികളോടുകൂടിയാണ് സ്വർഗ്ഗത്തിൽ പ്രവേശിച്ചതു്. ശ്ലീഹന്മാർക്കു അവരുടെ സ്നേഹമാതാവു് അവരിൽ നിന്നും പിരിഞ്ഞതു് വലിയ ഹൃദയഭേദകമായിതോന്നി. എങ്കിലും ആ തിരുമുഖം – ദിവ്യ ദീപ്തിയുടെ പ്രഭയാൽ ഉജ്വലിക്കുന്ന ഹൃദയാഹ്ലാദകമായ ആ മുഖം – അവരെ സന്തോഷഭരിതരാക്കിതീർത്തു.

ഒലിവുമലയുടെ താഴ്വരയിൽ ഒരു കല്ലറ ഒരുക്കി ഒരു വലിയ ജനസമൂഹത്തോടുകൂടി അപ്പോസ്തലന്മാർ ആ മൃതശരീരത്തെ സംസ്കരിക്കുന്നതിനായി കൊണ്ടുപോയി. അപ്പോൾ അനവധി മാലാഖാമാരുടെ ഗീതങ്ങൾ അവരുടെ ശ്രവണപുടങ്ങളിൽ മാറ്റൊലികൊണ്ടു. മൂന്നു ദിവസം തുടച്ചയായി അപ്പോസ്തലന്മാർ ഈ കല്ലറ ദർശിച്ചുവന്നിരുന്നു. ഈ ദിവസങ്ങളിൽഎല്ലാം സ്വർഗ്ഗീയഗാനം ആ സ്ഥലത്തു് മുഴങ്ങിക്കൊണ്ടിരിക്കയായിരുന്നു.

വി. തോമ്മസ് വളരെ അകലെയായിരുന്നതുകൊണ്ടു് പരിശുദ്ധ മറിയത്തിന്റെ മരണത്തിന്റെ മൂന്നാം ദിവസമേ വന്നുചേരുന്നതിനു സാധിച്ചുള്ളൂ. മരണസമയം താൻ അടുത്തില്ലാതിരുന്നതിനാൽ മരിച്ചതിന്റെ ശേഷമെങ്കിലും ഒന്നുകാണണമെന്നുള്ള അതിയായ ആഗ്രഹത്തെ മറ്റുള്ള അപ്പോസ്തലന്മാരെ അറിയിച്ചു. ഈ ആഗ്രഹസാധൂത്തിനായി കബറിടം തുറന്നപ്പോൾ അവിടെ അതിസുഗന്ധവാഹികളായ റോസ്സപുഷ്പങ്ങളല്ലാതെ തിരുശരീരമോ മറ്റുസാധനങ്ങളോ കണ്മാനില്ലായിരുന്നു. കന്യാസ്ത്രീദേവമാതാവു ആത്മശരീരങ്ങളോടുകൂടിതന്നെ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടു എന്നാണു വിശ്വാസയോഗ്യമായ ഐതിഹ്യം. നമ്മുടെ രക്ഷകന്റെ ദിവ്യശരീരത്തെ ഉരു

വാക്കിയ ഈ അമ്മയുടെ തിരുശരീരം സാധാരണ ശരീരത്തിനുസമം മണ്ണിൽ ചേരുന്നതിനല്ലാത്തതുകൊണ്ടു സ്രഷ്ടാവായ ദൈവം അവളെ ആത്മശരീരങ്ങളോടുകൂടിതന്നെ മോക്ഷത്തിൽ കരേറ്റി സകല മാലാഖാമാരുടെയും മോക്ഷവാസികളുടെയും രാജ്ഞിയായി മുടിധരിപ്പിച്ചു എന്നാണു വിശ്വസിക്കപ്പെട്ടിരിക്കുന്നതു്. പല പുണ്യാത്മാക്കൾ മോക്ഷപ്രാപ്തരായിട്ടുണ്ടെങ്കിലും മരിച്ചതിനുശേഷം ശരീരത്തോടുകൂടി സ്വർഗ്ഗത്തിൽ പ്രവേശിച്ചതു പരിശുദ്ധ മാതാവു മാത്രമാണു്. ഈ സംഭവം നടന്നതു ആഗസ്റ്റ് 15-ാംനു- ആയതുകൊണ്ടാണു് ഈ ദിവസത്തിനു ഇത്ര പ്രാധാന്യം സിദ്ധിച്ചിരിക്കുന്നതു്. അതുകൊണ്ടു മാതാവിനെ മോക്ഷത്തിൽ കൈക്കൊണ്ടു ബഹുമാനിച്ചു മഹത്വപ്പെടുത്തിയ ഈ ദിവസത്തെ നാമും എത്രയും ഭക്തിയോടുകൂടെ ആഘോഷപൂർവ്വം ബഹുമാനിക്കുന്നതിനു കടപ്പെട്ടിരിക്കുന്നു.

ഫ്രൻസ്വാ ആഗസ്റ്റ് മാസത്തിലെ

പൊതുനിയോഗം.

ഞായറാഴ്ച ആചാരം.

ഞായറാഴ്ച ദിവസങ്ങളിൽ കുർബാന കാണാതിരിക്കുന്നതു ഒരു പ്രധാന പാപമാണു്. ഇന്നു നാം കാണുന്ന ചീത്ത കത്തോലിക്കരിൽ ഭൂരിഭാഗവും കുർബ്ബാന കാണാതെ നടന്നിരുന്നവരാണെന്നു സ്പഷ്ടമാകുന്നു. ഇതിനുള്ള കാരണങ്ങൾ നാം ദൂരെ തേടേണ്ടതില്ല. കുർബ്ബാന കാണാത്ത ഒരുവൻ, അവനെ ഒരു വിശ്വാസിയാക്കിത്തീർക്കുന്ന സകല സംഗതികളിൽനിന്നും അകന്നു നില്ക്കുന്നു. പള്ളിയിലും പരിസരങ്ങളിലുമുള്ള എല്ലാക്കാര്യങ്ങളും അവൻ ആരാകുന്നുവെന്നും ആരായിരിക്കണമെന്നും അവനെ അനുസ്മരിപ്പിക്കുന്നു. വി. കുർബാനയിൽ സന്നിഹിതനായിരിക്കു

ന്ന ദൈവചൈതന്യത്തിൻകൂട്ടിയുടെ സാമീപ്യവും, ദിവ്യ ആർദ്ര തയും, വാചാമഗോചരമായ കരുണയും ഒരു അല്പ വിശ്വാസി ക്കുപോലും അനുഭവമായ നന്മയെ പ്രദാനംചെയ്യാതിരിക്കയി ല്ല. കുടുംബിക്കായി ജനിച്ചു് വളർന്നുവന്ന പലരും കുബ്ബാന കാണുന്നതിനുള്ള അസൌകര്യങ്ങളും പ്രയാസവും നിമിത്തം വിശ്വാസം നഷ്ടപ്പെട്ടവരായിത്തീർന്നിട്ടുണ്ട്. ദിവ്യപൂജ കാണാ ത്തതുകൊണ്ടുള്ള ഗൌരവം മനസ്സിലാക്കാഞ്ഞതുനിമിത്തം നശിച്ചുപോയവർ അതിലധികമാണ്. "എനിക്കു രണ്ടുക്രൂട്ടരെ സംബന്ധിച്ചാണു ആകുലചിന്തയുള്ളതു്. അവയിൽ ഒന്നു മാതാപിതാക്കന്മാരുടെ സൂക്ഷ്മത്തിൽ വളരാത്ത സന്താനങ്ങളെക്കുറിച്ചു മറ്റൊന്നു ദിവ്യപൂജ കാണാത്തവരെപ്പറ്റിയുംതന്നെ" എന്നു പഴക്കവും പരിചയവുമുള്ള ഒരു വൈദികൻ ഒരിടത്തു പറഞ്ഞിരിക്കുന്നതു എത്രയോ വാസ്തവമാണ്. അതുകൊണ്ടു ദിവ്യപൂജ കാണാഞ്ഞാലുള്ള നാശങ്ങളെ എല്ലാവരും നല്ലപോലെ മനസ്സിലാക്കി തങ്ങളുടെ ചുമതലയെ വേണ്ടുംവണ്ണം നിർവ്വഹിക്കുന്നതിനു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണു്.

സന്നിപാതജ്വരം.

(ടൈഫോയിഡ്.)

(ദിവാൻ ബഹദൂർ ഡോക്ടർ വി. വർഗ്ഗീസ്.)

ഇംഗ്ലീഷിൽ സാധാരണയായി (Typhoid fever) എന്നും മലയാളത്തിൽ സന്നിപാതജ്വരമെന്നും പറഞ്ഞുവരുന്ന ജ്വരം ഭാരതരാജ്യത്തിൽവെച്ചു കേരളത്തിലെ പടിഞ്ഞാറെ തീരത്തുള്ള ദിക്കുകളിൽ പരക്കെ പ്രചാരമുള്ളതും കൊല്ലംതോറും അനവധി മരണങ്ങൾക്കു ഇടയാക്കിത്തീർക്കുന്നതുമായ ഒരു സാംക്രമിക രോ

ഗമാകുന്നു. ഇതു പകരുന്ന ഒരു വ്യാധിയാണെങ്കിലും, ഇതിനെ നമുക്കു വരാതെ തടുക്കുവാൻ സാധിക്കുന്നതാകയാൽ, ഈ രോഗത്തിന്റെ ഉത്ഭവം, ലക്ഷണങ്ങൾ, നിവാരണമാർഗ്ഗങ്ങൾ, ചികിത്സാക്രമം മുതലായവയെപ്പറ്റി ചിലതെല്ലാം അറിഞ്ഞിരിക്കുന്നതു പൊതുജനങ്ങൾക്കു ഉപയോഗപ്രദമായിരിക്കുന്നതാണു്.

അണുപ്രായത്തിലുള്ള ഒരു കൃമി നിമിത്തമാണു സന്നിപാതജ്വരം ഉണ്ടാകുന്നതെന്നാണു കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതു്. ഈ കൃമി ഭക്ഷണപാനീയമാർഗ്ഗമായി ശരീരത്തിലേക്കു പ്രവേശിച്ചിട്ടാകുന്നു ഈ ജ്വരം ഉണ്ടാക്കിത്തീർക്കുന്നതു്. ഇതു ശരീരത്തിൽ പ്രവേശിച്ചശേഷം, 12 മുതൽ 20 വരെ ദിവസത്തോളം സുഖക്കേടിന്റെ യാതൊരു ചിഹ്നങ്ങളും കാണുന്നതല്ല. ഈയവധി കഴിഞ്ഞാൽ ഇടവിടാതെയുള്ള പനിയോടുകൂടി അതികലശലായ തലവേദനയും വയറിളക്കവും കണ്ടുതുടങ്ങുന്നതാണു്. വയറിളക്കം ഉണ്ടായില്ലെന്നുംവരാം. 3 മുതൽ 6 ആഴ്ചകളോളം പനി വിടാതെയുണ്ടായിരിക്കും.

ഈ സുഖക്കേടിന്റെ പ്രധാനസ്ഥാനം കുടലിൽ തന്നെയാകുന്നു. അവിടെ രോഗത്തിന്റെ ബീജങ്ങൾ അനവധി വർദ്ധിക്കുകയും അവയിൽ നിന്നുണ്ടാകുന്ന വിഷം രക്തത്തിൽ പ്രവേശിക്കുകയുംചെയ്യുന്നു പനി അധികരിക്കുവാൻ ഹേതുവായിത്തീരുന്നു. ശരീരത്തിൽനിന്നു ഈ അണുപ്രാണികളുടെ പുറത്തേക്കുള്ള പോക്കു മലമൂത്രം വഴിയായിട്ടാകുന്നു. ശ്വസോച്ഛ്വാസമാർഗ്ഗേണയൊ വിയർപ്പുവഴിക്കൊ ഈ രോഗം പകരുമെന്നു ഊഹിക്കുന്നതിനു യാതൊരു തെളിവുമില്ല. ശ്രദ്ധിച്ചതീരെ ഗണിക്കാതെ പെരുമാറിയാൽ അല്ലാതെ, ഈ രോഗം പിടിപെട്ടിട്ടുള്ള ഒരു രോഗിയുടെ അടുക്കൽ സൂക്ഷിച്ചുള്ള സാധാരണ പെരുമാറ്റംകൊണ്ടുമാത്രം ഈ വ്യാധി പകരുന്നതല്ല. രോഗിയുടെ മലമൂത്രവിസർജ്ജനങ്ങൾ പുരണ്ടിട്ടുള്ള വസ്ത്രം, വിരിപ്പു മുതലായവയെ തൊടുന്നതു തീച്ചൂടായും അപായകരമായിട്ടുള്ളതാകുന്നു.

ഭക്ഷണസാധനംവഴിക്കും പാനീയംവഴിക്കും ആണു ഈ രോഗം പകരുന്നതു്. അതുകാരണം, ഈ പദാർത്ഥങ്ങളായി രോ

ഗബീജങ്ങൾക്ക സമ്പർക്കം ഉണ്ടായെങ്കിൽ മാത്രമെ ഈ രോഗം പിടിപെടുകയുള്ളൂ എന്നു മനസ്സിലാക്കാവുന്നതാണ്.

രോഗികളുടെ മലം, മൂത്രം മുതലായവയെ വീട്ടുവളപ്പിൽ അവിടെയുമിവിടെയും കൊണ്ടുപോയി കളയുന്നതിനാൽ, അടുത്തുള്ള കുളം, കിണറു മുതലായ ജലാശയങ്ങളിൽ ഈ കീടങ്ങൾ പ്രവേശിക്കുവാനിടയാകുന്നു. നിലത്തു ഇതുകൾ വളരെക്കാലം നശിച്ചുപോകാതെ കിടക്കും. വർഷകാലത്തു മഴവെള്ളം ഈ അണുപ്രാണികളെ വഹിച്ചുംകൊണ്ടു കിണറുകളിലും കുളങ്ങളിലും പ്രവേശിച്ചു അതുകളിലെ വെള്ളത്തെ മലിനപ്പെടുത്തുന്നു.

ഈച്ചകൾവഴിയായും ഈ ബീജങ്ങൾ ഭക്ഷണസാധനങ്ങളിലും പാനീയങ്ങളിലും പ്രവേശിക്കുന്നു. യാതൊരു സൂക്ഷ്മവുമില്ലാതെയും കഴിച്ചുമൂടാതെയും വീട്ടുവളപ്പിൽ കൊണ്ടിട്ടിട്ടുള്ള മലം മുതലായ വിസർജ്ജനങ്ങളിലും രോഗിയുടെ മുറിയിലുള്ള അഴുക്കുതുണികളിലും ഈച്ചകൾ വന്നു പൊതിയുകയും, പറ്റിപ്പിടിക്കുന്ന രോഗബീജങ്ങളോടുകൂടി ഉടനെതന്നെ അവ തുറന്നിട്ടിരിക്കുന്ന ഭക്ഷണസാധനങ്ങളിൽ ചെന്നു ഇരിക്കുകയും ഇവയെ മറ്റുള്ളവർ ഉപയോഗിക്കുകയും ചെയ്യുന്നതിനാൽ രോഗം പകരുന്നതിനു ഹേതുവാകുന്നു.

വേനൽക്കാലത്തു പൊടിമാർഗ്ഗമായും ഈ വിഷം വ്യാപിക്കുന്നതാണ്. ഏതുപ്രകാരമെങ്കിലും ഈവക ബീജങ്ങൾ പറ്റിപ്പിടിച്ചിട്ടുള്ള പൊടി കാറ്റത്തു പറന്നു ഭക്ഷണപാനീയസാധനങ്ങളിൽ വീണു അതുകളെ മലിനപ്പെടുത്തുന്നു. ഈ പ്രാണികൾ ചേർന്നിട്ടുള്ള വെള്ളം ചേർത്തൊ അതുകൾ വ്യാപിച്ചിട്ടുള്ള പൊടി പറന്നു വീണിട്ടുള്ളതൊ ആയ പാലും മോരും മറ്റെല്ലാ പാനീയങ്ങളും രോഗപ്പകർച്ചയെ ഉണ്ടാക്കുന്നു.

ഒരിക്കൽ ഈ രോഗം പിടിപെട്ടു സുഖപ്പെട്ടിട്ടുള്ള ആളുകളിൽ ചിലർ മുഖാന്തരവും ഇതു പകരുന്നതാണ്. സുഖക്കേടു തീരെ മാറി സ്വസ്ഥത പ്രാപിച്ചു വളരെനാൾ കഴിഞ്ഞാലും, വിസർജ്ജനങ്ങൾവഴിയായി രോഗഹേതുക്കളായ കൃമികൾ ചിലരുടെ ശരീരത്തിൽനിന്നും പുറത്തു പൊയ്ക്കൊണ്ടിരിക്കും. ഇപ്രകാ

കാരമുള്ള ആഹാരകാര്യം കൈകാര്യം നല്ലപോലെ കഴിക്കുവാൻ വൃത്തിയായി സൂക്ഷിക്കാത്തതുകൊണ്ടാണ് അവരിൽനിന്നും രോഗം പകരുന്നതു്. ആയതിനാൽ അടുത്തകാലത്തു ഈ രോഗത്തിൽനിന്നു സുഖപ്പെട്ടിട്ടുള്ള ഒരാളെ പാചകവൃത്തി മുതലായ ശുശ്രൂഷയ്ക്കു ഉപയോഗിക്കുന്നതു വളരെ സൂക്ഷിച്ചു വേണ്ടതാണു്.

ഈ ജ്വരം ഏതു പ്രായത്തിലും വന്നു പിടിപെടാവുന്നതാണെങ്കിലും, സാധാരണയായി മിക്കതും 15 വയസ്സിനും 20 വയസ്സിനും മധ്യേയുള്ള പ്രായത്തിലുള്ളവരെയാണ് ഇതു അധികം ബാധിച്ചുകാണുന്നതു്.

കലശലായ അശ്രദ്ധാനംകൊണ്ടോ ശരിയായ ഭക്ഷണമില്ലായ്മകൊണ്ടോ ശുചിത്വം ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നതുകൊണ്ടോ ഇതിനുമുമ്പിൽ വല്ല സുഖക്കേടു വന്നിട്ടോ ഇങ്ങിനെ ഏതെങ്കിലും വിധത്തിൽ ശരീരം ക്ഷീണിച്ചവരെയാണ് ഈ രോഗം എളുപ്പത്തിൽ ബാധിക്കുന്നതു്. ഇൻഫ്ലുയൻസ (Influenza) എന്ന രോഗം ബാധിച്ചു അധികകാലം കഴിയാത്തവരിൽ ഈ രോഗം വേഗത്തിൽ പകരുവാൻ എളുപ്പമാണു്. ഒരിക്കൽ ഈ രോഗം പിടിപെട്ടവർക്കു ഇതു രണ്ടാമതു വരിക സാധാരണയല്ല.

ഈ ജ്വരം തുടങ്ങുമ്പോൾതന്നെ വളരെ കലശലായ പനി ഉണ്ടായിരിക്കുകയില്ല. പക്ഷെ തലവേദന അതികഠിനമായിരിക്കും. പനി ഉണ്ടായിരിക്കുമെങ്കിലും, രോഗിക്കു പുറമെ സഞ്ചരിക്കുന്നതിനോ തന്റെ ജോലി ചെയ്യുന്നതിനോ ബുദ്ധിമുട്ടു തോന്നിക്കുന്ന നിലയിൽ അതത്ര കലശലായി ഉണ്ടായിരിക്കുകയില്ല. കുറച്ചുദിവസംകൊണ്ടു പനി വർദ്ധിക്കുകയും ആ നിലയിൽ ഒന്നോ രണ്ടോ ആഴ്ച നില്ക്കുകയും ചെയ്യുന്നതാണു്. ആ സമയത്തു ഉറക്കമില്ലായ്മ, ബോധക്ഷയം, ബുദ്ധിമാന്ദ്യം, അസംബന്ധം പറയൽ മുതലായ ലക്ഷണങ്ങൾ അസാധാരണയല്ല. സുഖക്കേടു തുടങ്ങി മൂന്നാഴ്ച കഴിയുമ്പോഴേക്കു ഇറക്കം കണ്ടുതുടങ്ങും. വീണ്ടും പനിക്കുക എന്നുള്ളതു ഈ വ്യാധിയെ സംബന്ധിച്ചേടത്തോളം സംഭവിക്കുവാൻ എളുപ്പമുള്ളതാണു്. തല്ക്കാലം പ

നി മാറിയെങ്കിലും, ദേഹം ഇളക്കുകയൊ ഭക്ഷണരീതിയിൽ വ്യത്യാസം വരുത്തുകയൊ ചെയ്താൽ, വീണ്ടും പനിക്കുവാൻ ഇടയുള്ളതാണ്. ഇങ്ങനെ വീണ്ടും പനിക്കുന്നതു താമസിയാതെ ഭേദപ്പെട്ടുമെങ്കിലും, ചിലപ്പോൾ മുമ്പിൽ പനിച്ച കാലാവധിയോളം വീണ്ടും പനിച്ചു എന്നുവരാം. കഠിനജ്വരമാണെങ്കിൽ, അതിസാരത്തോടുകൂടി രക്തം പോകുകയും വയറു സ്തംഭിക്കുകയും മറും ഉണ്ടാകും. (Pneumonia) ന്യൂമോണിയാ എന്ന വ്യാധിയും ഇതോടൊന്നിച്ചു വന്നു രോഗത്തെ ഭീഷ്ടപ്പെടുത്തുകയും അപകടമാക്കിത്തീർക്കുകയും ചെയ്യും.

മലബാറിൽ മിക്കവാറും മഴക്കാലത്തിന്റെ തുടക്കംമുതൽക്കാണു ഈ രോഗത്തിന്റെയും പ്രാരംഭം കണ്ടുവരുന്നതു്. പക്ഷെ ഇപ്പിടെയായി ഈ ജ്വരം എല്ലാ മാസങ്ങളിലും കണ്ടുവരുന്നുണ്ടു്.

തുടരും.

കുറിപ്പുകൾ.

കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ വിജയപുരം രൂപതയുടെ പ്രഥമമെത്രാൻ നിതാന്ത വന്ദ്യ ദിവ്യശ്രീ ഡോക്ടർ ബൊനവന്തുരാ അരുണതിരുമനസ്സിലെ പട്ടാഭിഷേകം ഇക്കഴിഞ്ഞ ജൂൺ 24-ാം തീയതി മംഗളമായി കഴിഞ്ഞുകൂടിയിരിക്കുന്ന വിവരം സസന്തോഷം രേഖപ്പെടുത്തുകയും തിരുമനസ്സിലേയ്ക്കു ഞങ്ങൾ സർവ്വവിധ മംഗളങ്ങളും ആശംസിക്കയുംചെയ്തുകൊള്ളുന്നു. കൊല്ലം മെത്രാനച്ചൻ തിരുമനസ്സിലെ ശീലായ്മ നിമിത്തം മുൻനിശ്ചയമനുസരിച്ചു ഉപാഭിഷേചകനായിത്തീരുവാൻ സാധിച്ചില്ല. തൽസ്ഥാനം നി. വ. ദി. ഡോക്ടർ എ. മൂളപ്പറമ്പിൽ തിരുമേനിയാണു അലങ്കരിച്ചതു്.

റൈറ്റ് റവ. മൊൺ. ആന്റണി പുതുശ്ശേരി ഡി. ഡി. അവർകൾ വിദേശയാത്ര കഴിഞ്ഞു സസുഖം മടങ്ങി എത്തിയിരിക്കുന്നതായി അറിഞ്ഞു സന്തോഷിക്കുന്നു.

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ സിക്രട്ടറിയായിരുന്ന പയ്യപ്പിള്ളിൽ ബ. മത്തായി അച്ചൻ തോട്ടകം കൊവേന്തയിൽ ഒരംഗമായി ചേർന്നിരിക്കുന്നു. പുതിയ സിക്രട്ടറിയായി നിയമിക്കപ്പെട്ടിരിക്കുന്നതു റവ. ഫാദർ ജി. പുത്തൂരോ എം. എ. അവർകളാണ്.

ഹോളണ്ടിലെ ഗവമ്മെണ്ടു ദൈവദൂഷണക്കുറക്കാരെ കഠിനമായി ശിക്ഷിക്കുന്ന ഒരു ബിൽ പാസാക്കിയിരിക്കുന്നു.

വി. അന്തോനീസിന്റെ ഏഴാം ശതാബ്ദാഘോഷങ്ങൾ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ലിസ്ബണിൽ അതിമംഗളമായി ആചരിക്കപ്പെട്ടു. തദവസരത്തിൽ വിശുദ്ധൻ പിറന്ന ഭവനം സ്ഥിതിചെയ്തിരുന്ന സ്ഥലത്തു 'വി. അന്തോനീസിന്റെ ബസീലിക്ക' എന്ന നാമത്തിൽ ഒരു മനോഹര ദേവാലയം പണി പൂർത്തിയാക്കി ഉൽഘാടനം ചെയ്തിരിക്കുന്നു. പാഴ്വായിലെ ആഡംബരങ്ങൾ അവർണ്ണനീയങ്ങളാണു.

ഒരു കത്തോലിക്ക ദേവാലയത്തിൽ വി. കുർബാനയെ ദിവസംപ്രതി സന്ദർശിച്ചിരുന്ന ഒരു ആംഗ്ലിക്കൻ സഭാംഗം ഈയിടെ സന്ദർശനാനന്തരം വളരെ പ്രതാപത്തോടുകൂടി മരണം പ്രാപിച്ചു എന്നു അയാളുടെ ഭാര്യ എഴുതിയിരിക്കുന്നു.

ക. നി. മൂ. സ. ബ. ലൊറന്തിയോസച്ചൻ വാർദ്ധക്യ സഹജമായ രോഗങ്ങളാൽ മാന്നാനം കൊവേന്തയിൽവച്ചു അന്തിമ ക്രിയാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു ജൂൺമാസം 14-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്ന വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

ഞങ്ങളുടെ ഒരു പരമ്പരബന്ധുവായിരുന്ന പാലത്തുങ്കൽ ദേവസ്സി അവുസേപ്പ് ഇക്കഴിഞ്ഞ ജൂൺ 18-ാം തീയതി ചൊവ്വാഴ്ച തന്റെ 87-ാമത്തെ വയസ്സിൽ മരിച്ചുപോയിരിക്കുന്നു.

ഇവരുടെ ആത്മാനുക്രമാത്മം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I. P.